# കേരളചരിത്രം

## കേരളചരിത്രത്തിന്റെ സ്രോതസ്സുകൾ

### കൃതികൾ

- കേരളത്തെ പരാമർശിക്കുന്ന ഏറ്റവും പ്രാചീനകൃതി - **ഐതരേയ ആരണ്യകം**
- കൗടില്യന്റെ 'അർത്ഥശാസ്ത്ര'ത്തിൽ പറയുന്ന കേരളത്തിലെ നദി - **പെരിയാർ**
- അർത്ഥശാസ്ത്രത്തിൽ പെരിയാർ പരാമർശിക്കപ്പെടുന്നത് ഏത് പേരിലാണ് - **ചൂർണി**
- പ്രാചീനകേരളത്തെപ്പറ്റി ചരിത്രപരമായ അറിവുനൽകുന്ന ഏറ്റവും പ്രധാനകൃതി - **അതുലൻ രചിച്ച 'മൂഷകവംശം'**
- അതുലൻ കേരളം ഭരിച്ച മൂഷകരാജവംശത്തിലെ പ്രസിദ്ധനായ രാജാവ് ശ്രീകണ്ഠന്റെ കൊട്ടാരം കവി ആയിരുന്നു.
- കേരളത്തെപ്പറ്റി പരാമർശിക്കുന്ന കാളിദാസ കൃതി - **രഘുവംശം**
- കേരളപ്പഴമ എന്ന ഗ്രന്ഥത്തിന്റെ കർത്താവാര് - **ഹെർമൻ ഗുണ്ടർട്ട്**

### ശാസനങ്ങൾ

- '**വട്ടെഴുത്ത്**' എന്ന ലിപിയിലാണ് കേരളത്തിൽ നിന്നു ലഭ്യമായ ശാസനങ്ങൾ എഴുതപ്പെട്ടിട്ടുള്ളത്.
- രണ്ടാം ചേരസാമ്രാജ്യത്തിന്റെ ചരിത്രം രചിച്ചത് ആ കാലഘട്ടത്തിലെ ശാസനങ്ങൾ നൽകുന്ന തെളിവുകളുടെ അടിസ്ഥാനത്തിലാണ്
- എ.ഡി. (820-844) കാലഘട്ടത്തിൽ ഭരണം നടത്തിയ രാജശേഖരവർമ്മൻ എന്ന ചേരരാജാവിന്റെ **വാഴപ്പള്ളി** ശാസനമാണ് ചേരരാജാക്കൻമാരുടേതായി കേരളത്തിൽ നിന്നു കിട്ടിയിട്ടുള്ള ആദ്യത്തെ ശാസനം.
- വാഴപ്പള്ളി ശാസനത്തിൽ പരമേശ്വര ഭട്ടാരകൻ എന്ന് വിശേഷിപ്പിക്കുന്നത് ആരെ ആണ് - **രാജശേഖര വർമ്മൻ**
- മലയാളം ലിപി ആദ്യമായി പ്രത്യക്ഷപ്പെട്ടത് - **വാഴപ്പള്ളി ശാസനത്തിൽ**
- കേരളത്തിലെ ദേവദാസികളെപ്പറ്റി ആദ്യ പരാമർശമുള്ളത് - **ഗോദരവിവർമ്മന്റെ ചോക്കൂർ ശാസനത്തിൽ**
- എ.ഡി. 1000 കാലഘട്ടത്തിൽ ഭാസ്കര രവിവർമ്മ ഒന്നാമന്റെ **ജൂതശാസനം** കേരളരാജാക്കന്മാർ വൈദേശിക ന്യൂനപക്ഷസമുദായത്തോടുപോലും പുലർത്തിയ ഉദാരനയത്തിന്റെ തെളിവാണ്. ജൂതപ്രമാണിയായ ജോസഫ് റബ്ബാന് ചില ദാനങ്ങൾ നൽകുന്നതാണ് ഇതിലെ പരാമർശം.
- ആയ് രാജാവായിരുന്ന കരുനന്തടക്കന്റെ (എ.ഡി 857 -885) ഹജൂർ ശാസനം കലിവർഷം എന്ന കലണ്ടറിനെപ്പറ്റി പരാമർശിക്കുന്നു.
- വേണാട്ടുരാജാവായ **അയ്യനടികൾ തിരുവടികൾ** എഴുതിയ ശാസനം - **തരിസ്സാപ്പള്ളി ശാസനം (AD 849)**
- ചേരരാജാവായിരുന്ന സ്ഥാണു രവിവർമ്മന്റെ കാലഘട്ടത്തിൽ മലബാർ തീരത്തുള്ള സിറിയൻ ക്രിസ്ത്യാനികളുടെ നേതാവായ സാപ്പിർ ഈസോയ്ക്കാണ് തരിസ്സാപ്പള്ളി ശാസനം നൽകിയത്.
- വേണാട്ടു ഭരണകാലഘട്ടത്തിലെ കൊല്ലത്തിന്റെ വാണിജ്യ പ്രാധാന്യത്തെപ്പറ്റിയും നികുതികളെപ്പറ്റിയും തരിസ്സാപ്പള്ളി ശാസനത്തിൽ പരാമർശിക്കുന്നു.
- **കോട്ടയം ചെപ്പേട്** എന്നും **സ്ഥാണുരവിശാസനം** എന്നും അറിയപ്പെടുന്ന ശാസനം - **തരിസ്സാപ്പള്ളി ശാസനം**
- കൊല്ലവർഷം രേഖപ്പെടുത്തിയ ആദ്യ ശാസനം - വേണാട് ശ്രീവല്ലഭൻ കോതയുടെ **മാമ്പള്ളി ശാസനം**
- **മണ്ണാപ്പേടി. പുലപ്പേടി** എന്നീ ആചാരങ്ങൾ നിരോധിക്കപ്പെട്ടത് ഏത് ശാസനം വഴി - **തിരുവിതാംകോട് ശാസനം**

### നാണയങ്ങൾ

- കേരളത്തിൽ നിന്നു കണ്ടെടുത്ത ഏറ്റവും പഴക്കം ചെന്ന വിദേശനാണയങ്ങൾ റോമൻ നാണയങ്ങളാണ്. (ഉദാ: **ദിനാരിയസ് നാണയം**).

- പഴയകാലത്ത് കേരളത്തിൽ പ്രചരിച്ചിരുന്ന സിലോൺ നാണയമാണ് **ഈഴക്കാശ്**
- കേരളത്തിൽ പ്രചരിച്ചിരുന്ന വെനീഷ്യൻ നാണയമാണ് **സെകിൻ**
- ബുദ്ധന്റെ കാലത്തുണ്ടായിരുന്ന മുദ്രിതനാണയങ്ങൾ കേരളത്തിൽ നിന്നു കണ്ടെടുത്ത ഏറ്റവും പഴയ ഇന്ത്യൻ നാണയമാണ്.
- പരശുരാമൻ നടപ്പാക്കിയെന്നു പറയപ്പെടുന്ന '**രാശി**' ആണ് കേരളത്തിലെ ഏറ്റവും പഴയ നാണയം
- കോലത്തിരിരാജാവിന്റെയും കോഴിക്കോട് സാമൂതിരിയുടേയും കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന നാണയം - **പണം.**
- സാമൂതിരിയുടെ കാലഘട്ടത്തിൽ ഉപയോഗിച്ചിരുന്ന നാണയം - **വീരരായൻ** പണം
- തിരുവിതാംകൂർ രാജാക്കൻമാരുടെ സ്വർണനാണയങ്ങളായിരുന്നു **അനന്തരായൻ** പണവും **അനന്ത വരാഹനും.**
- കൊച്ചിരാജാക്കന്മാരുടെ കാലഘട്ടത്തിൽ **'പുത്തൻ'** എന്ന നാണയമായിരുന്നു ഏറ്റവും പ്രചാരം നേടിയത്.

### പ്രാചീന കേരളത്തിലെ രാജവംശങ്ങൾ

- സംഘകാലഘട്ടത്തിൽ പ്രാചീനകേരളം ഭരിച്ചിരുന്ന മൂന്നു രാജവംശങ്ങൾ ആയിരുന്നു. ആയ്, ചേര, ഏഴിമല എന്നിവ.

### ആയ് രാജവംശം

- ആയ്‌വംശം കേരളത്തിലെ ആദ്യത്തെ രാജവംശം ആണ്.
- ആയ് രാജവംശത്തിന്റെ ആദ്യ തലസ്ഥാനം - **പൊതിയിൽ മല** (ആയ്ക്കുടി)
- ആയ് രാജാക്കന്മാരുടെ പിൽക്കാല തലസ്ഥാനം - **വിഴിഞ്ഞം**
- സംഘകാലത്തിലെ **പുറനാനൂറ്** എന്ന കൃതിയിൽ ആയ് വംശത്തെക്കുറിച്ച് പരാമർശം ഉണ്ട്.
- **ശാലകൾ** പ്രാചീനക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടു നിന്ന വേദപഠനകേന്ദ്രങ്ങളായിരുന്നു.
- ആയ് രാജാക്കന്മാരുടെ കാലത്തെ പ്രശസ്തമായ വേദപഠന ശാല - **കാന്തളൂർശാല**
- കാന്തളൂർശാല അറിയപ്പെട്ടിരുന്നത് - **ദക്ഷിണ നളന്ദ**
- കാന്തളൂർ ശാല സ്ഥാപിച്ചത് - **കരുനന്തടക്കൻ**
- ആയ് വംശത്തിലെ ഏറ്റവും പ്രശസ്തനായ ഭരണാധികാരി - **വിക്രമാദിത്യ വരഗുണൻ**
- 'കേരള അശോകൻ' എന്ന് ചരിത്രം വിശേഷിപ്പിക്കുന്നത് - **വിക്രാമാദിത്യ വരഗുണൻ**
- ആയ് രാജവംശത്തെക്കുറിച്ചുള്ള അറിവുകൾ ലഭിച്ചത് - **പാലിയം ശാസനത്തിൽ നിന്ന്**
- പാലിയം ശാസനം രചിച്ചത് ആരുടെ കാലത്താണ് - **വിക്രമാദിത്യവരഗുണൻ**
- ആയ് രാജാക്കന്മാരുടെ ചിഹ്നം - **ആന**
- ആയ് രാജാക്കന്മാരുടെ പരദേവത - **ശ്രീപത്മനാഭൻ**
- ആയ് രാജ്യം പിന്നീട് പാണ്ഡ്യരുടെ അധീനതയിലായി.

### ചേരരാജവംശം

#### ഒന്നാം ചേരവംശം

- ചേരവംശമാണ് സംഘകാലത്ത് കേരളത്തിന്റെ മധ്യഭാഗങ്ങൾ ഭരിച്ചിരുന്നത്.
- അശോകന്റെ ഗിർനാർ ശിലാശാസനത്തിൽ ചേരവംശത്തെപ്പറ്റി പരാമർശിക്കുന്നുണ്ട്
- "**ചേരലാംപുത്ര**' എന്നാണ് ശാസനങ്ങളിൽ ചേരവംശം പരാമർശിക്കപ്പെടുന്നത്
- ചേരന്മാരുടെ ആസ്ഥാനം : **വാഞ്ചി**
- ചേരന്മാരുടെ രാജകീയ മുദ്ര - **അമ്പും വില്ലും**
- ആദ്യചേരരാജാവ് - **ഉതിയൻ ചേരലാതൻ**
- **വാനവരമ്പൻ** എന്ന വിശേഷണമുണ്ടായിരുന്ന ചേര രാജാവ് - **ഉതിയൻ ചേരലാതൻ**
- ഉതിയൻ ചേരലാതനെ പരാജയപ്പെടുത്തിയ ചോളരാജാവ് - **കരികാലചോളൻ**. (വെണ്ണിയുദ്ധത്തിലാണ് ഉതിയൻ ചേരലാതൻ പരാജയപ്പെട്ടത്).
- സംഘകൃതിയായ ചിലപ്പതികാരത്തിൽ പരാമർശിക്കുന്ന ചേരരാജാവ് - **വേൽകെഴുകുട്ടുവൻ** അഥവാ **ചെങ്കുട്ടുവൻ**

Career Focus

- കൊടുങ്ങല്ലൂരിൽ കണ്ണകിക്ഷേത്രം പണിത് പ്രതിഷ്ഠനടത്തിയത് - **ചെങ്കുട്ടുവൻ**
- ഏഴിമല ആക്രമിച്ച ചേരരാജാവ് - **ചെങ്കുട്ടുവൻ.**
- 'കടൽ പുറകോട്ടിയ' ചേരൻ - **ചേരൻ ചെങ്കുട്ടുവൻ**
- ചേരസാമ്രാജ്യത്തിന്റെ വിസ്തൃതി ഹിമാലയം വരെ വ്യാപിപ്പിച്ച രാജാവ് - **നെടും ചേരലാതൻ**
- 'ഇമയവരമ്പൻ' എന്നറിയപ്പെട്ട ചേരൻ - **നെടുംചേരലാതൻ**
- **'അധിരാജ'** എന്നറിയപ്പെട്ട ചേരൻ - **നെടുംചേരലാതൻ**

**ഏഴിമല രാജവംശം**

- മൂഷകവംശം എന്നറിയപ്പെടുന്ന രാജവംശം - **ഏഴിമല** (കണ്ണൂരിലെ ചിറക്കൽ, കാസർകോഡ് എന്നിവയായിരുന്നു മൂഷകഭരണത്തിന്റെ കീഴിൽ വന്നത്.)
- സംഘകാലത്ത് വടകരക്കും മംഗലാപുരത്തിനും ഇടയിലുള്ള പ്രദേശങ്ങൾ ഭരിച്ചിരുന്ന രാജവംശമാണ് **ഏഴിമല.**
- ശ്രീകണ്ഠൻ എന്ന മൂഷകരാജാവിന്റെ ആസ്ഥാന കവി - **അതുലൻ**
- അതുലന്റെ മൂഷകവംശം എന്ന കൃതിയിലെ പ്രതിപാദ്യവിഷയം - **മൂഷകവംശത്തിന്റെ ഭരണകാലം.**
- മൗര്യരാജാവായ ബിന്ദുസാരന്റെ സമകാലികൻ എന്നു വിശ്വസിക്കപ്പെടുന്ന ഏഴിമല രാജാവ് -നന്ദൻ.
- നന്ദന്റെ കാലത്തു നടന്ന പ്രധാനയുദ്ധം - **പൂഴിയുദ്ധം**
- മൂഷകരാജക്കാൻമാരുടെ പിൻഗാമികൾ അറിയപ്പെട്ടത് - **കോലത്തിരികൾ**

**രണ്ടാം ചേരസാമ്രാജ്യം (800-1102 എ.ഡി)**

- **കുലശേഖരസാമ്രാജ്യം** എന്നറിയപ്പെട്ടിരുന്ന സാമ്രാജ്യം **- രണ്ടാം ചേര സാമ്രാജ്യം**
- കേരളചരിത്രത്തിലെ സുവർണകാലഘട്ടം എന്ന് അറിയപ്പെടുന്നത് - **കുലശേഖരസാമ്രാജ്യ കാലഘട്ടം**
- ഇക്കാലത്ത് കലയും ശാസ്ത്രവും ഒരുപോലെ അഭിവൃദ്ധിപ്രാപിച്ചു. ഇത് പെരുമാൾ കാലഘട്ടം എന്നും അറിയപ്പെടുന്നു.
- കുലശേഖര സാമ്രാജ്യ സ്ഥാപകൻ - **കുലശേഖരവർമ്മൻ**
- രണ്ടാം ചേരസാമ്രാജ്യത്തിന്റെ ആസ്ഥാനം - **മഹോദയപുരം**
- തിരുവഞ്ചിക്കുളം എന്നും ഇപ്പോൾ കൊടുങ്ങല്ലൂർ എന്നും അറിയപ്പെട്ടിരുന്ന സ്ഥലം - **മഹോദയപുരം**
- കുലശേഖര ആൾവാർ എന്നറിയപ്പെട്ടത് - **കുലശേഖരവർമ്മൻ**
- കുലശേഖര ആൾവാർ സ്വീകരിച്ച സ്ഥാനപ്പേര് - **കേരളചൂഡാമണി.**
- കുലശേഖര ആൾവാരുടെ പ്രസിദ്ധ ഗദ്യകൃതി - **ആശ്ചര്യമഞ്ജരി**
- **മുകുന്ദമാല** എന്ന സംസ്കൃത ഭക്തികാവ്യം രചിച്ചത് - **കുലശേഖര ആൾവാർ**
- കൂലശേഖര ആൾവാരുടെ കാലത്ത് ജീവിച്ചിരുന്ന പ്രസിദ്ധ കവി - **തോലൻ**
- കൂടിയാട്ടത്തെ ആസ്പദമാക്കി തോലൻ രചിച്ച പ്രധാനകൃതികൾ - **ക്രമദീപികയും ആട്ടപ്രകാരവും**
- കുലശേഖര ആൾവാരുടെ കാലത്ത് ജീവിച്ചിരുന്ന തത്വചിന്തകൻ - **ശങ്കരാചാര്യർ**
- രണ്ടാമത്തെ കുലശേഖര രാജാവ് - **രാജശേഖരവർമ്മൻ**
- **മാമാങ്കം** എന്ന മഹോത്സവത്തിന് തുടക്കമിട്ടത് - **രാജശേഖരവർമ്മൻ**
- **കൊല്ലവർഷം** (എ.ഡി 825) ആരംഭിച്ചത് - **രാജശേഖരവർമ്മൻ**
- രാജശേഖരവർമ്മനെപ്പറ്റി പരാമർശിക്കുന്ന ശങ്കരാചാര്യരുടെ കൃതി - **ശിവാനന്ദലഹരി**
- രാജശേഖരവർമ്മനെപ്പറ്റി പറയുന്ന മാധവാചാര്യരുടെ കൃതി - **ശങ്കരവിജയം**
- ചേരമാൻ പെരുമാൾ നായനാർ എന്നു വിശേഷിപ്പിക്കപ്പെട്ടത് - **രാജശേഖരവർമ്മൻ**
- ചോക്കൂർ ശാസനം സ്ഥാപിച്ച കുലശേഖര രാജാവ് - **ഗോദരവിവർമ്മൻ**
- ചോക്കൂർ ശാസനത്തിലാണ് ദേവദാസി സമ്പ്രദായം പരാമർശിക്കപ്പെടുന്നത്.

**സ്ഥാണു രവിവർമ്മൻ**

- മഹോദയപുരത്ത് നക്ഷത്രബംഗ്ലാവ് സ്ഥാപിച്ചത് സ്ഥാണുരവിവർമ്മന്റെ കാലത്താണ്.

- തെക്കെ ഇന്ത്യയിലെ ആദ്യത്തെ വാനനിരീക്ഷണശാലയാണ് മഹോദയപുരത്തെ വാനനിരീക്ഷണശാല,
- നക്ഷത്രബംഗ്ലാവ് സ്ഥാപിച്ച പ്രസിദ്ധ ജ്യോതിശാസ്ത്രജ്ഞൻ - **ശങ്കരനാരായണൻ**
- ശങ്കരനാരായണന്റെ പ്രസിദ്ധകൃതികൾ - **ശങ്കരനാരായണീയം, ഗൗരീകാന്തോദയം**
- സ്ഥാണു രവിവർമ്മന്റെ കാലത്ത് ജീവിച്ചിരുന്ന പ്രശസ്ത യോഗികൾ - **ശക്തിഭദ്ര**
- ശക്തിഭദ്ര എഴുതിയ പ്രസിദ്ധമായ നാടകം - **ആശ്ചര്യചൂഡാമണി**
- 'ജൂതശാസനം' പുറപ്പെടുവിച്ചത് - **ഭാസകര രവിവർമ്മൻ**
- ഭാസ്കര രവിവർമ്മയുടെ കാലത്ത് വിഴിഞ്ഞവും കാന്തളൂർ ശാലയും ആക്രമിച്ച ചോളരാജാവ് - **രാജ രാജചോളൻ**
- കുലശേഖരസാമ്രാജ്യത്തിന്റെ രണ്ടാം തലസ്ഥാനം - **തെൻവഞ്ചി** (ഇപ്പോഴത്തെ കൊല്ലം)
- തെൻവഞ്ചിയിലേക്ക് തലസ്ഥാനം മാറ്റിയത് - **രാമവർമ്മ കുലശേഖരൻ**

**കുലശേഖര ഭരണം**

- കുലശേഖരകാലഘട്ടത്തിൽ പെരുമാറ്റച്ചട്ടങ്ങൾ അറിയപ്പെട്ടത് - **കച്ചങ്ങൾ എന്ന പേരിൽ**
- കേരളത്തിൽ പ്രധാന പ്രമാണമായി അംഗീകരിക്കപ്പെട്ട കച്ചം - **മൂഴിക്കുളം കച്ചം**
- മൂഴിക്കുളം കച്ചത്തിലെ പ്രധാന പ്രതിപാദ്യം - **ക്ഷേത്രകാര്യങ്ങളും നടത്തിപ്പുനടപടികളും**
- രാജാക്കൻമാർ കൈവശം വച്ച സ്വകാര്യഭൂമി അറിയപ്പെട്ടത് - **ചേരിക്കൽ**
- ക്ഷേത്രങ്ങൾക്ക് ദാനമായി ലഭിച്ച ഭൂമി അറിയപ്പെട്ടത് - **ദേവസ്വം**
- കൂടിയാട്ടം എന്ന ക്ഷേത്ര കലാരൂപം നിലവിൽ വന്നത് - **കുലശേഖര കാലഘട്ടത്തിൽ**

**ചേരകാലത്തിലെ നികുതികൾ**

- ഭൂനികുതി - **പതവാരം**
- വില്പന നികുതി - **ബാലിപ്പൊന്ന്**
- സ്വർണാഭരണങ്ങൾ അണിയുന്നതിന് ഏർപ്പെടുത്തിയിരുന്ന നികുതി - **മേനിപ്പൊന്ന്**
- അടിമകളെ പോറ്റിയിരുന്നവർ കൊടുത്തിരുന്ന നികുതി - **ആൾക്കാശ്**

| **കേരളത്തിലെ സ്ഥലങ്ങളും പുരാതന നാമങ്ങളും** |
|---|
| കൊല്ലം - തെൻവഞ്ചി |
| കൊടുങ്ങല്ലൂർ - മഹോദയപുരം, |
| കണ്ണൂർ - നൗറ |
| ബലിത - വർക്കല |
| തിണ്ടിസ് - പൊന്നാനി |
| നെൽക്കിണ്ട - നീണ്ടകര |
| കൊടുങ്ങല്ലൂർ - മുരചിപത്തനം, മഹോദയപുരം, മകോതൈ, മുസിരിസ്സ്, അശ്മകം |

Career Focus

- പ്രാചീനകാലത്ത് കേരളത്തിലെ മാത്രമല്ല, ഇന്ത്യയിലെ തന്നെ ഏറ്റവും പ്രധാന തുറമുഖം മുസിരിസ്സ ആയിരുന്നു
- മുസിരിസ്സിനെ പരാമർശിച്ച ചരിത്രകാരന്മാർ - **പ്ലിനി, പെരിപ്ലസ്, ടോളമി.**
- ക്രൈസ്തവ, യഹൂദ, ഇസ്ലാം മതങ്ങൾ കേരളത്തിലെത്തിയത് - **കൊടുങ്ങല്ലൂർ തുറമുഖത്തിലൂടെ**
- പ്ലിനിയുടെ കേരളപരാമർശമുള്ള കൃതി - **നാച്ചുറൽ ഹിസ്റ്ററി**

**ചേരചോളയുദ്ധങ്ങൾ**

- രണ്ടാം ചേരസാമ്രാജ്യത്തിന്റെ ആദ്യ കാലങ്ങളിൽ നിലനിന്നിരുന്ന ചേരചോള സൗഹൃദം കാലം ചെല്ലുന്തോറും ഇല്ലാതായി. ഇവർ തമ്മിൽ തുറന്ന യുദ്ധങ്ങൾ തുടങ്ങി.
- 11-ാം നൂറ്റാണ്ട് മുഴുവൻ തുടർന്ന ചേരചോള യുദ്ധം അറിയപ്പെട്ടത് - **നൂറ്റാണ്ട് യുദ്ധം**

**ഹിന്ദുമതനവീകരണം - ശങ്കരാചാര്യർ**

- അദ്വൈതസിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ ശങ്കരാചാര്യർ കേരളത്തിലെ കാലടിയിൽ ജനിച്ചു.
- ഭാരതീയ ദർശനങ്ങളുടെ പൂർണ്ണരൂപം എന്നു വിശേഷിപ്പിക്കപ്പെടുന്ന ദർശനമാണ് അദ്വൈതസിദ്ധാന്തം.

- പിതാവ് - ശിവഗുരു
- മാതാവ് - ആര്യാംബ
- സമാധിയായത് - കേദാർനാഥ്
- ബുദ്ധമതത്തിന്റെ സ്വാധീനത്തിൽ നിന്നും, ഹിന്ദു മതത്തെ തിരിച്ചുകൊണ്ടുവന്നത് - **ശങ്കരാചാര്യൻ**

**ശങ്കരാചാര്യൻ സ്ഥാപിച്ച നാലു മഠങ്ങൾ**

ബദരീനാഥ് - ജ്യോതിർമഠം

പുരി - ഗോവർദ്ധനമഠം

കർണാടകം - ശൃംഗേരി മഠം

ദ്വാരക - ശാരദാമഠം

- **പ്രധാനകൃതികൾ**

ശിവാനന്ദലഹരി

സഹസ്രനാമം

സൗന്ദര്യലഹരി

വിവേകചൂഢാമണി

ബ്രാഹ്മണസൂത്രം

ഉപദേശസാഹസ്രി

ശങ്കരാചര്യടെ 'സൗന്ദര്യ ലഹരി' മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ മഹാകവി - **കുമാരനാശൻ**

**മുസ്ലീം മതം -കേരളത്തിൽ**

- കേരളത്തിലൂടെ ഇന്ത്യയിൽ ഇസ്ലാംമതം പ്രചരിപ്പിച്ചത് - **മാലിക് ദിനാർ**
- മാലിക് ദിനാർ പണികഴിപ്പിച്ച പള്ളി - **ചേരമാൻ ജുമാമസ്ജിദ്**
- ഇന്ത്യയിലെ ആദ്യത്തെ മുസ്ലിംപള്ളി - **ചേരമാൻ ജുമാ മസ്ജിദ്** (കൊടുങ്ങല്ലൂർ)
- കേരളത്തിൽ ഭരണം നടത്തിയ ഏക മുസ്ലീം രാജവംശം -**അറയ്ക്കൽ രാജവംശം**
- അറയ്ക്കൽ രാജവംശത്തിന്റെ ആസ്ഥാനം - **കണ്ണൂർ**
- അറയ്ക്കൽ രാജാവ് അറിയപ്പെട്ടിരുന്നത് - **അലിരാജ**
- അറയ്ക്കൽ രാഞ്ജി അറിയപ്പെട്ടിരുന്നത് - **അറയ്ക്കൽ ബീവി**

Career Focus

**ക്രിസ്തുമതം കേരളത്തിൽ**

- സെന്റ് തോമസ് കേരളത്തിലെത്തി എന്നു വിശേഷിപ്പിക്കപ്പെടുന്നത് - **എ. ഡി 52ൽ**
- കേരളത്തിൽ ക്രിസ്തുമതം പ്രചരിപ്പിച്ചത് - **സെന്റ് തോമസ്**
- കേരളത്തിലെ ഏക ക്രിസ്തീയ രാജവംശം - **വില്ലാർവട്ടം രാജവംശം**
- കേരളത്തിലെ ആദ്യത്തെ ക്രിസ്ത്യൻ പള്ളി - **കൊടുങ്ങല്ലൂർ പള്ളി**
- സിറിയൻ ക്രിസ്ത്യാനികൾ അറിയപ്പെടുന്നത് - **നസ്രാണികൾ**

**ഉദയം പേരൂർ സുന്നഹദോസ്**

- കേരളത്തിലെ ക്രൈസ്തവരെ റോമിനോട് വിധേയത്വമുള്ളവരാക്കി മാറ്റാൻ ഉദയംപേരൂരിൽ നടത്തിയ പുരോഹിതസമ്മേളനം - **ഉദയംപേരൂർ സുന്നഹദോസ്**
- നടന്ന വർഷം - **എ.ഡി 1599**
- അദ്ധ്യക്ഷൻ - **ആലക്സ് -ഡി-മെനെസിസ്**

**കൂനൻ കുരിശു പ്രതിജ്ഞ**

- കേരളത്തിലെ സിറിയൻ ക്രിസ്ത്യാനികൾ സുന്നഹദോസിനോടെതിർപ്പ് പ്രകടിപ്പിക്കാൻ നടത്തിയ പ്രതിജ്ഞ - **കൂനൻ കുരിശു പ്രതിജ്ഞ**
- മട്ടാഞ്ചേരിയിലെ പഴയ കുരിശ്ശിനുമുൻപിൽ ഒത്തുചേർന്ന് അവർ ലത്തീൻ ബിഷപ്പുമാരുടെ തീരുമാനങ്ങൾ അംഗീകരിക്കില്ലെന്ന് പ്രതിജ്ഞചെയ്തു.
- കൂനൻ കുരിശു പ്രതിജ്ഞ നടന്ന വർഷം - **A.D 1653**

**ബുദ്ധമതം**

- കേരളത്തിലെ ബുദ്ധമതത്തിന്റെ വികാസം സൂചിപ്പിക്കുന്ന ആദ്യ ചരിത്രരേഖ -**അശോകന്റെ ശിലാശാസനം**
- ബുദ്ധമതം കേരളത്തിലെത്തിയത് - **232 B.C യിൽ**
- പ്രാചീന കേരളത്തിലെ പ്രധാന ബുദ്ധമതകേന്ദ്രം - **ശ്രീമൂലവാസം**
- ബുദ്ധമതം കേരളത്തിനു നല്കിയ പ്രമുഖസംഭാവന - **ആയുർവേദത്തിന്റെ പ്രചാരം**
- ബുദ്ധമതപ്രതിഷ്ഠയായ **കരുമാടിക്കുട്ടൻ** സ്ഥിതിചെയ്യുന്നത് - **അമ്പലപ്പുഴ**

**ജൈനമതം**

- പ്രാചീനകേരളത്തിലെ പ്രധാന ജൈനമതക്ഷേത്രം - **തൃക്കണ്ണാമതിലകം ക്ഷേത്രം**
- ജൈനമേട് എന്ന മല സ്ഥിതിചെയ്യുന്നത് - **പാലക്കാട്**
- കേരളത്തിലെ ജൈനമതകേന്ദ്രമായിരുന്ന മറ്റൊരു ക്ഷേത്രം -**കൂടൽമാണിക്യം ക്ഷേത്രം**

**ജൂതമതം**

- പാലസ്തീനിൽ നിന്നും വന്ന യഹൂദർ കേരളത്തിലെത്തിയത് - **A.D 68 ൽ**
- ജൂതന്മാരുടെ ആസ്ഥാനം - **കൊടുങ്ങല്ലൂർ**
- കേരളത്തിൽ കുടിയേറിപ്പാർത്ത ജൂതന്മാരുടെ നേതാവ് - **ജോസഫ് റബ്ബാൻ**

**പ്രാചീനകേരളത്തിലെ വാണിജ്യസംഘങ്ങൾ**

- പ്രാചീനകേരളത്തിലുണ്ടായിരുന്ന കച്ചവടസംഘങ്ങൾ - അഞ്ചുവണ്ണം, വളഞ്ചിയാർ, മണിഗ്രാമം, നാനാദേശികൾ
- അഞ്ചുവണ്ണം - ജൂതന്മാരുടെ കച്ചവടസംഘം
- വളഞ്ചിയാർ - വിദേശരാജ്യങ്ങളുമായി കച്ചവടത്തിലേർപ്പെട്ടവർ
- മണിഗ്രാമം - സിറിയൻ ക്രിസ്ത്യാനികളുടെ നേതൃത്വത്തിലുണ്ടായിരുന്ന കച്ചവടസംഘം
- നാനാദേശികൾ - കേരളത്തിലെ പ്രാദേശിക കച്ചവടം നടത്തിയിരുന്നവർ
- എ.ഡി. 45ൽ കൊടുങ്ങല്ലൂരിൽ എത്തിയതായി കരുതുന്ന ഗ്രീക്ക് സഞ്ചാരി - **ഹിപ്പാലസ്**
- കാലവർഷക്കാറ്റിന്റെ ദിശ കണ്ടുപിടിച്ചത് - **ഹിപ്പാലസ്**
- കാലവർഷക്കാറ്റിന്റെ ദിശയിൽ സഞ്ചരിച്ചാണ് അദ്ദേഹം പായ്ക്കപ്പലിൽ ഇന്ത്യയിലെത്തിച്ചേർന്നത്.

Career Focus

**കേരളത്തിലെത്തിയ വിദേശ സഞ്ചാരികൾ**

- കേരളത്തെ സംബന്ധിച്ച വിവരം നൽകിയ ആദ്യ വിദേശസഞ്ചാരി - **മെഗസ്തനീസ്**
- കേരളം പരാമർശിക്കപ്പെട്ട മെഗസ്തനീസിന്റെ കൃതി - **ഇൻഡിക്ക**
- കേരളം സന്ദർശിച്ച ആദ്യ അറബ് സഞ്ചാരി - **മാലിക്ക് ബിൻ ദിനാർ**
- കേരളത്തെക്കുറിച്ച് വിവരണം നൽകിയ അറബ് സഞ്ചാരി -**സുലൈമാൻ**
- സുലൈമാൻ കേരളം സന്ദർശിച്ചത് - **സ്ഥാണുരവിവർമ്മയുടെ കാലത്ത്**
- കേരളത്തിലെത്തിയ പേർഷ്യൻ സഞ്ചാരി - **അബ്ദുൾ റസാഖ്**
- ഏറ്റവും കൂടുതൽ പ്രാവശ്യം (6 തവണ) കേരളത്തിലെത്തിയ വിദേശസഞ്ചാരി - **ഇബ്നു ബതൂത്ത** (മൊറോക്കൻ സഞ്ചാരി)
- ചൈനക്കാർ വാണിജ്യം നടത്തിയിരുന്ന കേരളത്തിലെ പ്രധാന വാണിജ്യകേന്ദ്രം - **കൊല്ലം**
- കേരളത്തിൽ കളിമൺപാത്രങ്ങളുടെ നിർമ്മാണം നടത്തിയത് - **ചൈനക്കാർ**
- കേരളത്തിലെ മരുമക്കത്തായത്തെക്കുറിച്ചുള്ള അറിവുകൾനൽകുന്ന **മിറാബിലിയ ഡിസ്ക്രിപ്ഷ്യ** എന്ന കൃതി എഴുതിയ വിദേശി - **ഫ്രയർ ജോർദാനസ്**
- കൊല്ലത്തെ കൊളംബം എന്നു വിശേഷിപ്പിച്ചത് - **ജോർദ്ദാനാസ്**
- മണ്ണാപ്പേടി, പുലപ്പേടി തുടങ്ങിയ ആചാരങ്ങളെ പരാമർശിച്ച വിദേശി - **ബാർബോസ**
- കേരളത്തിൽ എത്തിയ ആദ്യത്തെ ഇംഗ്ലീഷുകാരൻ - **മാസ്റ്റർ റാൽഫ് ഫിച്ച്**

**ഹോർത്തൂസ് മലബാറിക്കസ്**

- മലബാറിലെ ഔഷധസസ്യങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഡച്ചുകാർ തയ്യാറാക്കിയ പുസ്തകം - **ഹോർത്തൂസ് മലബാറിക്കസ്** (ലാറ്റിൻ ഭാഷയിലാണ് തയ്യാറാക്കിയത്)

- മലയാളഭാഷ അച്ചടിച്ച ആദ്യ ഗ്രന്ഥം - **ഹോർത്തൂസ് മലബാറിക്കസ്**
- 'കേരളാരാമം' എന്നറിയപ്പെട്ടിരുന്ന ഗ്രന്ഥം - **ഹോർത്തൂസ് മലബാറിക്കസ്**
- ഹോർത്തൂസ് മലബാറിക്കസ് പ്രസിദ്ധീകരിച്ച സ്ഥലം - **ആംസ്റ്റർഡാം**
- ഹോർത്തൂസ് മലബാറിക്കസ് പ്രസിദ്ധീകരിച്ച വർഷം - **1678**

**കേരള മധ്യകാലചരിത്രം**

- മഹോദയപുരത്തെ പെരുമാൾമാരുടെ തകർച്ച സ്വരൂപങ്ങളുടെയും നാടുവാഴികളുടെയും ഭരണത്തിനു തുടക്കം കുറിച്ചു.
- കോലത്തുനാട് (കണ്ണൂർ), നെടിയിരുപ്പ് (കോഴിക്കോട്), പെരുമ്പടപ്പ് (കൊച്ചി), വേണാട് തുടങ്ങിയ നാട്ടുരാജ്യങ്ങൾ നിലവിൽ വന്നു.

**കോലത്തുനാട് സ്വരൂപം**

- എ.ഡി 12-ാം നൂറ്റാണ്ട് മുതലാണ് ഇവരുടെ അധികാരം പ്രബലമായത്
- കോലത്തുനാട് സ്വരൂപത്തിന്റെ ആസ്ഥാനം - **കണ്ണൂർ**
- പുരാതന മൂഷകവംശത്തിന്റെ പിന്തുടർച്ചക്കാരായിരുന്നു ഇവർ.
- പിൽക്കാലത്ത് തിരുവിതാംകൂറിൽ പ്രബലരായിരുന്ന തിരുവിതാംകൂർ രാജവംശവുമായും ഇവർക്ക് രക്തബന്ധമുണ്ടായിരുന്നു.
- കൃഷ്ണഗാഥ രചിച്ച ചെറുശ്ശേരി നമ്പൂതിരി ജീവിച്ചിരുന്നത് ഏത് കോലത്തുനാട് രാജാവിന്റെ കാലത്താണ് - **ഉദയവർമ്മൻ കോലത്തിരി**
- ചെറുശ്ശേരി നമ്പൂതിരിയുടെ പുരസ്കാര കർത്താവെന്ന് ഉദയവർമ്മൻ കോലത്തിരി വിഖ്യാതി നേടിയിരുന്നു.

| |
|---|
| കൃഷ്ണഗാഥ രചിച്ചത് - ചെറുശ്ശേരി |
| കൃഷ്ണഗീഥി രചിച്ചത് - മാനവേദൻ സാമൂതിരി |

**നെടിയിരുപ്പ് സ്വരൂപം**

- നെടിയിരുപ്പ് സ്വരൂപം എന്നറിയപ്പെട്ട പ്രദേശം - **കോഴിക്കോട്**
- നെടിയിരുപ്പ് സ്വരൂപത്തിന്റെ ആദ്യ ആസ്ഥാനം - **ഏറനാട്**
- സാമൂതിരിമാർ സ്വീകരിച്ചിരുന്ന സ്ഥാനപ്പേരുകൾ - **കുന്നലക്കോനാതിരി, ഏർളാതിരി**
- സാമൂതിരി ഭരണത്തിൽ യുവരാജാവ് ഏത് പേരിലാണ് അറിയപ്പെട്ടിരുന്നത് - **ഏറാൾപ്പാട്**
- സാമൂതിരിമാരുടെ കിരീടധാരണവുമായി ബന്ധപ്പെട്ട ചടങ്ങ് അറിയപ്പെട്ടത് - **അരിയിട്ടുവാഴ്ച**
- **'The Zamorins of Calicut'** എന്ന കൃതി രചിച്ചത് - **കെ.വി. കൃഷ്ണയ്യർ**
- സാമൂതിരിമാരുടെ പ്രധാനമന്ത്രിമാരുടെ സ്ഥാനപ്പേര് - **മങ്ങാട്ട് അച്ചൻ**
- സാമൂതിരിയുമായി വ്യാപാര ഉടമ്പടി ഒപ്പുവച്ച ഇംഗ്ലീഷ് വ്യാപാരി - **ക്യാപ്റ്റൻ കീലിംഗ്**

**പതിനെട്ടരക്കവികൾ**

- പതിനെട്ടരക്കവികൾ എന്നറിയപ്പെട്ട 18 കവികൾ സാമൂതിരി മാനവിക്രമന്റെ സദസ്യരായിരുന്നു.
- പതിനെട്ടരക്കവികളിലെ ഏറ്റവും പ്രധാനി - **ഉദ്ദണ്ഡശാസ്ത്രികൾ**
- പതിനെട്ടരക്കവികളിൽ അരക്കവി എന്നറിയപ്പെട്ടത് - **പൂനം നമ്പൂതിരി**
- ഇവരിൽ പൂനം നമ്പൂതിരി മാത്രമായിരുന്നു മലയാളി
- പോർച്ചുഗീസ്കാരും സാമൂതിരിയും തമ്മിൽ നടന്ന യുദ്ധം - **കോഴിക്കോട് യുദ്ധം**
- എല്ലാ വർഷവും തുലാമാസത്തിൽ കോഴിക്കോട് തളിക്ഷേത്രത്തിൽ നടന്നിരുന്ന കോഴിക്കോട് സാമൂതിരിമാരുടെ പണ്ഡിത സദസ്സ് - **രേവതി പട്ടത്താനം**
- പട്ടത്താനത്തിലെ വിജയിക്ക് സാമൂതിരി നല്കിയിരുന്ന സ്ഥാനം - **ഭട്ടസ്ഥാനം**
- പട്ടത്താനം നടത്തുന്നതിന് ആരംഭം കുറിച്ച സാമൂതിരി - മാനവിക്രമൻ
- സാമൂതിരിമാരുടെ ഭരണകാലത്ത് മലബാറിൽ 12 വർഷത്തിലൊരിക്കൽ നടത്തിയിരുന്ന ഉത്സവം - **മാമാങ്കം**
- മാമാങ്കം ആദ്യം നടത്തിയിരുന്നത് - **വള്ളുവക്കോനാതിരി**
- 1300 മുതൽ മാമാങ്കം നടത്താനുള്ള അവകാശം നേടിയെടുത്തത് - **സാമൂതിരി**

- ആദ്യ മാമാങ്കം നടന്നത് - **എ.ഡി. 829**
- അവസാനത്തെ മാമാങ്കം നടന്നത് - **എ.ഡി. 1755**
- സാമൂതിരിമാരുടെ നാവികതലവൻ - **കുഞ്ഞാലി മരയ്ക്കാർ**
- മരയ്ക്കാർ കോട്ട (പുതുപ്പണം കോട്ട) സ്ഥിതിചെയ്യുന്നത് - **ഇരിങ്ങൽ**
- മരയ്ക്കാർ കോട്ട നിർമ്മിച്ചത് - **കുഞ്ഞാലി III**
- കുഞ്ഞാലി മരയ്ക്കാർ ഒന്നാമന്റെ യഥാർത്ഥപേര് - **കുട്ടി അഹമ്മദ് അലി**
- 'സാമൂതിരിയുടെ കണ്ഠത്തിലേക്ക് നീട്ടിയ പീരങ്കി' എന്ന് വിശേഷിപ്പിക്കപ്പെട്ട പോർച്ചുഗീസ് കോട്ട - **ചാലിയം കോട്ട**
- ചാലിയം കോട്ട തകർത്തത് - **കുഞ്ഞാലിമരയ്ക്കാർ III**
- **ഇന്ത്യൻ സമുദ്രത്തിലെ അധിപൻ**, മൂറുകളുടെ രാജാവ് എന്നീ ബിരുദങ്ങൾ സ്വീകരിച്ചത് - **കുഞ്ഞലി മരയ്ക്കാർ IV**
- കുഞ്ഞലി മരയ്ക്കാർ IV ന്റെ യഥാർത്ഥ പേര് - **മുഹമ്മദ് അലി മരയ്ക്കാർ**
- 1600ൽ പോർട്ടുഗീസുകാർ കുഞ്ഞാലി IV നെ സാമൂതിരിയുടെ സമ്മതത്തോടെ യുദ്ധത്തിൽ പിടികൂടുകയും ഗോവയിൽ കൊണ്ടുപോയി വധിക്കുകയും ചെയ്തു.
- കുഞ്ഞാലി മരയ്ക്കാർ IV ന്റെ നയം - **Hit and Run Policy**
- കുഞ്ഞാലി മരയ്ക്കാർ സ്മാരകം സ്ഥിതിചെയ്യുന്നത് - **കോട്ടയ്ക്കൽ**

**വേണാട്**

- ആധുനിക തിരുവിതാംകൂർ മധ്യകാലത്ത് അറിയപ്പെട്ടിരുന്നത് 'വേണാട്' എന്ന പേരിലാണ്. കുലശേഖരന്മാരുടെ കാലത്തിനുശേഷം നിലവിൽ വന്ന ശക്തമായ രാജവംശമാണ് വേണാട് രാജവംശം.
- **ചിറവാസ്വരൂപം** എന്നും, **ദേശിങ്കനാട് സ്വരൂപം** എന്നും വേണാട് സ്വരൂപം അറിയപ്പെട്ടിരുന്നു.
- വേണാട് രാജവംശത്തിന്റെ ആസ്ഥാനം - **കൊല്ലം**
- പ്രാചീനകാലത്ത് തെൻവഞ്ചി എന്നറിയപ്പെട്ടിരുന്ന പ്രദേശം - **കൊല്ലം**
- വേണാട് രാജാവിന്റെ സ്ഥാനപ്പേര് - **ചിറവാ മൂപ്പൻ**
- വേണാട് യുവരാജാവിന്റെ സ്ഥാനപ്പേര് - **തൃപ്പാപ്പൂർ മൂപ്പൻ**
- വേണാടിലെ ആദ്യ ഭരണാധികാരി - **അയ്യനടികൾ തിരുവടികൾ**
- വേണാടിനെ ഒരു സ്വതന്ത്ര രാജ്യമാക്കിയത് - **രാമവർമ്മ കുലശേഖരൻ**
- വേണാടിന്റെ തലസ്ഥാനം തിരുവിതാംകൂറിൽ നിന്നും കൽക്കുളത്തേയ്ക്ക് മാറ്റിയത് - **രവിവർമ്മൻ** (1611 –1663)
- വേണാടിൽ ഭരണം നടത്തിയ ആദ്യ വനിത - **ഉമയമ്മ റാണി**
- **സംഗ്രാമധീരൻ** എന്നറിയപ്പെട്ടിരുന്ന വേണാട് രാജാവ് - **രവിവർമ്മ കുലശേഖരൻ**
- 'പ്രദ്യുമ്നാഭ്യുദയം' എന്ന സംസ്കൃതനാടകം രചിച്ചത് - **രവിവർമ്മ കുലശേഖരൻ**
- 1644ൽ ബ്രിട്ടീഷുകാർ വിഴിഞ്ഞത്ത് വ്യാപാരശാല തുറന്നത് - **രവിവർമ്മയുടെ കാലത്ത്**
- സ്വന്തം പേരിൽ നാണയമിറക്കിയ ആദ്യകേരളീയ രാജാവ് - **രവിവർമ്മ കുലശേഖരൻ**
- ഏറ്റവുമധികകാലം വേണാട് ഭരിച്ചത് - **ചേര ഉദയമാർത്താണ്ഡൻ**
- ബ്രിട്ടീഷുകാരുമായി ഉടമ്പടി വച്ച വേണാട് രാജാവ് - **രാമവർമ്മ**
- അഞ്ചുതെങ്ങിൽ ബ്രിട്ടീഷുകാർക്ക് പണ്ടകശാല നിർമ്മിക്കാൻ അനുവാദം കൊടുത്തത് - **ഉമയമ്മ റാണി** (1690ൽ)
- അഞ്ചുതെങ്ങ് കോട്ടയുടെ നിർമ്മിതി പൂർത്തിയായത് - **1695ൽ**
- ആറ്റിങ്ങൽ കലാപം നടന്നത് - **1721 ഏപ്രിൽ 15ന്**
- 15-ാം ശതകത്തിൽ വേണാട് വിഭജിച്ചുണ്ടായ രണ്ടു ശാഖകൾ -തൃപ്പാപ്പൂർ, ദേശിംഗനാട്
- തൃപ്പാപ്പൂർ സ്വരൂപം പിന്നീട് അറിയപ്പെട്ടത് - **തിരുവിതാംകൂർ രാജവംശം**

**കേരളത്തിലെ കോട്ടകൾ**

- ഇന്ത്യയിൽ യൂറോപ്യന്മാർ നിർമ്മിച്ച ആദ്യകോട്ട - **പള്ളിപ്പുറം കോട്ട** (1503)
- ആയക്കോട്ട, അഴീക്കോട്ട, മാനുവൽ കോട്ട എന്നീ പേരുകളിൽ അറിയപ്പെടുന്നത് - **പള്ളിപ്പുറം കോട്ട**

Career Focus

- കണ്ണൂരിലെ സെന്റ് ആഞ്ചലോ കോട്ട നിർമ്മിച്ചത് - **പോർച്ചുഗീസ്സുകാർ**
- തലശ്ശേരി കോട്ട (കണ്ണൂർ) നിർമ്മിച്ചത് - **പോർച്ചുഗീസുകാർ**

**പെരുമ്പടപ്പ് സ്വരൂപം**

- പെരുമ്പടപ്പ് രാജാക്കന്മാരുടെ തലസ്ഥാനം - **മഹോദയപുരം**
- പെരുമ്പടപ്പ് സ്വരൂപം എന്ന് അറിയപ്പെട്ടത് - **കൊച്ചിരാജവംശം**
- മാടഭൂപതി എന്ന് വിളിക്കപ്പെട്ടിരുന്ന രാജാക്കന്മാർ - **കൊച്ചി രാജാക്കന്മാർ**
- കൊച്ചി രാജ്യത്തെ പ്രധാനമന്ത്രിമാർ അറിയപ്പെട്ടിരുന്നത് - **പാലിയത്ത് അച്ചൻ**
- കൊച്ചി രാജവംശത്തിലെ ഏക വനിതാഭരണാധികാരി - **റാണി ഗംഗാധരലക്ഷ്മി**
- കൊച്ചിയിലെ ആദ്യത്തെ ദിവാൻ - **കുഞ്ഞികൃഷ്ണ മേനോൻ**
- കൊച്ചിയിൽ ആധുനികഭരണം കൊണ്ടുവന്ന ബ്രിട്ടീഷ് റസിഡന്റ് - **കേണൽ മൺറോ**
- ആധുനിക കൊച്ചിയുടെ പിതാവ് - **കേണൽ മൺറോ**

**ശക്തൻ തമ്പുരാൻ (1790 –1805)**

- കൊച്ചി ഭരിച്ച ഏറ്റവും ശക്തനായ രാജാവ് - **ശക്തൻ തമ്പുരാൻ**
- ശക്തൻ തമ്പുരാന്റെ യഥാർത്ഥ പേര് - **രാമവർമ്മ**
- കൊച്ചിയിലെ **ജൻമിത്തഭരണം** അവസാനിപ്പിച്ചത് - **ശക്തൻ തമ്പുരാൻ**
- കൊച്ചിയിലെ മാർത്താണ്ഡവർമ്മ എന്നറിയപ്പെടുന്നത് - **ശക്തൻ തമ്പുരാൻ**
- **തൃശൂർപട്ടണം** സ്ഥാപിച്ചത് - **ശക്തൻ തമ്പുരാൻ**
- തൃശൂർപൂരത്തിന് തുടക്കം കുറിച്ചത് - **ശക്തൻ തമ്പുരാൻ**
- കൊച്ചിയിലെ അവസാനത്തെ ദിവാൻ - **സി.പി. കരുണാകര മേനോൻ**
- കൊച്ചിയിൽ ദിവാൻ ഭരണം അവസാനിച്ചത് 1947ൽ ആണ്.
- കൊച്ചിരാജ്യം കോവിലകത്തുംവാതുക്കൽ എന്ന പേരിൽ താലൂക്കുകളായി വിഭജിച്ച് ഭരണം നടത്തിയ രാജാവ് - **ശക്തൻ തമ്പുരാൻ**

Career Focus

**ആധുനിക തിരുവിതാംകൂർ**

- തൃപ്പാപ്പൂർ സ്വരൂപമാണ് പിന്നീട് തിരുവിതാംകൂർ രാജവംശം എന്ന് അറിയപ്പെട്ടത്
- തിരുവിതാംകൂർ രാജവംശം സ്ഥാപിച്ചത് - **അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ**
- തിരുവാതാംകൂർ രാജാക്കന്മാർ അറിയപ്പെട്ടിരുന്നത് - **വഞ്ചിഭൂപതി** എന്ന പേരിൽ
- തിരുവിതാംകൂറിലെ മുഖ്യമന്ത്രിമാർ അറിയപ്പെട്ടിരുന്നത് - **ദളവ** (ദിവാൻ)
- തിരുവിതാംകൂറിന്റെ ദേശീയഗാനം - **വഞ്ചീശമംഗളം**
- തിരുവിതാംകൂറിന്റെ എഴുതപ്പെട്ട നിയമസംഹിത - **ചട്ടവരിയോലകൾ**
- ചട്ടവരിയോലകൾ എഴുതി തയ്യാറാക്കിയത് - **ദിവാൻ മൺറോ**
- തിരുവിതാംകൂറിലെ ആദ്യത്തെ ദിവാൻ - **അറുമുഖംപിള്ള**
- തിരുവിതാംകൂറിലെ ആദ്യത്തെ ഇംഗ്ലീഷ് ദിവാൻ - **കേണൽ മൺറോ**

**മാർത്താണ്ഡവർമ്മ (1729 –1758)**

- ചോരയുടെയും ഇരുമ്പിന്റെയും നയത്തിലൂടെ **(Blood & Iron Policy)** തിരുവിതാംകൂറിൽ ഒരു ശക്തമായ ഭരണം കൊണ്ടുവന്നത് **1729** ൽ ഭരണം ഏറ്റെടുത്ത അനിഴം തിരുനാൾ മാർത്താണ്ഡവർമ്മയാണ്. സിംഹാസനത്തിനുമേൽ അവകാശവാദം ഉന്നയിച്ച തമ്പിമാരേയും എട്ടുവീട്ടിൽ പിള്ളമാരേയും മാടമ്പിമാരെയും മാർത്തണ്ഡവർമ്മ അടിച്ചമർത്തുകയും കേന്ദ്രീകൃതമായ രാജാധിപത്യം സ്ഥാപിക്കുകയും ചെയ്തു.
- **ആധുനിക തിരുവിതാംകൂറിന്റെ ശില്പി - മാർത്താണ്ഡവർമ്മ**
- തിരുവിതാംകൂർ രാജാക്കൻമാരുടെ കിരീടവുമായി ബന്ധപ്പെട്ട് '**ഹിരണ്യഗർഭം**' എന്ന ചടങ്ങ് ആരംഭിച്ചത് -**മാർത്താണ്ഡവർമ്മ.**
- ഒരു **പാശ്ചാത്യ സൈന്യത്തെ യുദ്ധത്തിൽ തോല്പിച്ച** ആദ്യ ഇന്ത്യൻ രാജാവ് - മാർത്താണ്ഡവർമ്മ
- കുളച്ചൽ യുദ്ധം നടന്നത് - **1741 ആഗസ്റ്റ് 10**
- കുളച്ചൽ യുദ്ധത്തിൽ മാർത്താണ്ഡവർമ്മ പരാജയപ്പെടുത്തിയത് - **ഡച്ച് സൈന്യത്തെ**

- മാർത്താണ്ഡവർമ്മ പരാജയപ്പെടുത്തിയ ഡച്ച് സൈന്യാധിപൻ - **ഡിലനോയി** (D Lannoy)
- (ഡിലനോയി പിന്നീട് തിരുവിതാംകൂറിന്റെ സർവ്വസൈന്യാധിപനായി മാറി)
- **വലിയ കപ്പിത്താൻ** എന്നറിയപ്പെട്ടത് - **ഡിലനോയി**
- തിരുവിതാംകൂറിൽ **പതിവുകണക്ക്** (ബജറ്റ് സമ്പ്രദായം) കൊണ്ടുവന്നത് - **മാർത്താണ്ഡവർമ്മ**.
- ആറ്റിങ്ങൽ തിരുവിതാംകൂറിനോട് കൂട്ടിച്ചേർക്കപ്പെട്ടത് - **1730ൽ**
- കൊട്ടാരക്കര തിരുവിതാംകൂറിൽ ലയിപ്പിച്ച ഭരണാധികാരി - **മാർത്താണ്ഡവർമ്മ** (1741)
- മാർത്താണ്ഡവർമ്മ കിളിമാനൂർ പിടിച്ചെടുത്ത വർഷം - **1742**
- ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാകമ്പനി ഒരു ഇന്ത്യൻ സംസ്ഥാനവുമായി ഒപ്പു വയ്ക്കുന്ന ആദ്യത്തെ ഉടമ്പടി - **വേണാട് ഉടമ്പടി**
- വേണാട് ഉടമ്പടിയിൽ ഒപ്പുവച്ചത് - **മാർത്താണ്ഡവർമ്മ**
- തിരുവിതാംകൂറിൽ ആദ്യമായി ഒരു **സ്ഥിരം സൈന്യവ്യൂഹം** നിലനിർത്തിയ രാജാവ് - **മാർത്താണ്ഡവർമ്മ**
- തിരുവിതാംകൂർ സൈന്യത്തിന്റെ പേര് - **മറവപ്പട**
- തിരുവിതാംകൂറിലെ ആദ്യ ദളവ - **രാമയ്യൻ ദളവ**
- പത്മനാഭസ്വാമിക്ഷേത്രം പുതുക്കി പണിത് ക്ഷേത്രത്തിലെ **ഒറ്റക്കൽ മണ്ഡപവും മ്യൂറൽ പെയിന്റിംഗും** പണികഴിപ്പിച്ചത് - **മാർത്താണ്ഡവർമ്മ**

**തൃപ്പടി ദാനം**

**1750 ജനുവരി 3ന്** തന്റെ രാജ്യം മാർത്താണ്ഡവർമ്മ കുലദൈവമായ ശ്രീപത്മനാഭന് സമർപ്പിച്ചു. ഇത് തൃപ്പടിദാനം എന്നറിയപ്പെടുന്നു.

ഇതിനുശേഷം തിരുവിതാംകൂർ രാജാക്കൻമാർ **ശ്രീപത്മനാഭദാസൻമാർ** എന്നറിയപ്പെട്ടു.

മാർത്താണ്ഡവർമ്മയുടെ സദസ്സിൽ ജീവിച്ചിരുന്ന പ്രമുഖകവികൾ - **രാമപുരത്ത് വാര്യർ, കുഞ്ചൻ നമ്പ്യാർ**

- മാർത്താണ്ഡവർമ്മയുടെ കാലത്തെ വാണിജ്യവകുപ്പ് - **മുളക് മടിശ്ശീല**
- ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ ഭദ്രദീപം, മുറജപം എന്നിവ ആരംഭിച്ചത് - **മാർത്താണ്ഡവർമ്മ**
- മാർത്താണ്ഡവർമ്മയുടെ കാലത്തെ തിരുവിതാംകൂറിന്റെ വ്യാപാരതലസ്ഥാനം -**മാവേലിക്കര**
- അതിർത്തികളിൽ **ചൗക്കകൾ** (ചെക്ക് പോസ്റ്റ്) ഏർപ്പെടുത്തിയത് - **മാർത്താണ്ഡവർമ്മ**
- '**തിരുവിതാംകൂർ അശോകൻ**' എന്നറിയപ്പെട്ടത് - **മാർത്താണ്ഡവർമ്മ**
- മാർത്താണ്ഡവർമ്മ നിർമ്മിച്ച അണക്കെട്ടുകൾ -**പൊൻമന അണ, പുത്തൻ അണ**

**കാർത്തികതിരുനാൾ രാമവർമ്മ (1758-1798)**

- '**ധർമ്മരാജ**' എന്നറിയപ്പെട്ട കാർത്തിക തിരുനാൾ രാമവർമ്മയാണ് തിരുവിതാംകൂറിൽ ഏറ്റവും കൂടുതൽ കാലം ഭരണം നടത്തിയത്
- ഹൈദ്രാലിയുടെയും ടിപ്പുസുൽത്താന്റെയും **പടയോട്ടക്കാലത്ത്** തിരുവിതാംകൂർ ഭരിച്ച രാജാവ് - **ധർമ്മരാജ**
- പടയോട്ടക്കാലത്ത് മലബാറിൽനിന്നും പലായനം ചെയ്ത ബ്രാഹ്മണർക്ക് അഭയം നല്കിയതിനാലാണ് ധർമ്മരാജ എന്ന പേര് അദ്ദേഹത്തിന് വന്നത്.
- **കിഴവൻ രാജ** എന്നറിയപ്പെട്ടത് - **ധർമ്മരാജാവ്**
- മലബാറിൽ നിന്നുള്ള അഭയാർത്ഥികളെ പാർപ്പിക്കാനായി ധർമ്മരാജ പണികഴിപ്പിച്ചതാണ് **നെടുങ്കോട്ട**.
- (1789ൽ ടിപ്പു സുൽത്താൻ നെടുങ്കോട്ട ആക്രമിച്ചു)
- ശ്രീധർമ്മരാജയുടെ പ്രശസ്തരായ മുഖ്യ മന്ത്രിമാർ - **അയ്യപ്പൻ മാർത്താണ്ഡപിള്ളയും രാജാ കേശവദാസും**
- രാജാകേശവദാസിന്റെ യഥാർത്ഥ പേര് - **കേശവപിള്ള**
- തിരുവിതാംകൂറിലെ ദിവാൻ എന്ന പദവി ഔദ്യോഗികമായി വഹിച്ച ആദ്യ വ്യക്തി -**രാജാ കേശവദാസ്.**
- രാജ എന്ന പേര് നൽകിയത് - **മോണിംഗ്ടൺ പ്രഭു**

- വലിയ ദിവാൻജി എന്ന് അറിയപ്പെട്ടിരുന്നത് - **രാജാകേശവദാസ്**
- **ആലപ്പുഴ പട്ടണവും തുറമുഖവും** സ്ഥാപിച്ചത് - **രാജാകേശവദാസ്**
- രാജാകേശവദാസിന്റെ പേരിൽ അറിയപ്പെടുന്ന തിരുവനന്തപുരത്തെ പട്ടണം-കേശവദാസപുരം
- **ചാല കമ്പോളം** പണികഴിപ്പിച്ചത് - **രാജാകേശവദാസ്**
- അയ്യപ്പൻ മാർത്താണ്ഡപിള്ള സ്ഥാപിച്ച നഗരം - **വർക്കല**
- 1762ൽ കൊച്ചിയും തിരുവിതാംകൂറുമായി ഉണ്ടാക്കിയ കരാർ - **ശുചീന്ദ്രം ഉടമ്പടി**
- ശുചീന്ദ്രം ഉടമ്പടിയിൽ ഒപ്പുവച്ചത് - **തിരുവിതാംകൂർ ദളവ**
- 1766ൽ **രണ്ടാം തൃപ്പടി ദാനം** നടത്തിയ രാജാവ് - **ധർമ്മരാജ**
- 1790ൽ തിരുവിതാംകൂറിന്റെ തലസ്ഥാനം കൽക്കുള (പത്മനാഭപുരം) ത്തുനിന്നും തിരുവനന്തപുരത്തേക്ക് മാറ്റിയത് - **കാർത്തികതിരുനാൾ**
- **ധർമ്മരാജയുടെ പ്രധാന ആട്ടക്കഥകൾ -** ബലരാമഭാരതം, സുഭദ്രാപഹരണം, രാജസൂയം, കല്യാണസൗഗന്ധികം, പാഞ്ചാലിസ്വയംവരം ഗന്ധർവ്വവിജയം, നരകാസുരവധം.
- കാർത്തിക തിരുനാൾ രാമവർമ്മയുടെ സദസ്സിൽ ജീവിച്ചിരുന്ന പ്രമുഖ കവികൾ - **കുഞ്ചൻ നമ്പ്യാർ, ഉണ്ണായിവാര്യർ**
- തിരുവിതാംകൂറിൽ ആദ്യമായി ബ്രിട്ടീഷ് റസിഡന്റിനെ നിയമിക്കുന്നത് - **ധർമ്മരാജയുടെ ഭരണ കാലത്ത്**

**അവിട്ടം തിരുനാൾ ബാലരാമവർമ്മ (1798 –1810)**

- ഏറ്റവും അശക്തനായിരുന്ന ഭരണാധികാരി ആയി അറിയപ്പെടുന്നു.
- അവിട്ടം തിരുനാളിന്റെ പ്രശസ്തനായ ദിവാൻ - **വേലുത്തമ്പി ദളവ**

**വേലുത്തമ്പി ദളവ**

യഥാർത്ഥ പേര് - **വേലായുധൻ ചെമ്പകരാമൻ**

ജന്മദേശം - **കൽക്കുളം**

കൊല്ലത്ത് **ഹജ്ജൂർ കച്ചേരി** സ്ഥാപിച്ചത് - **വേലുത്തമ്പിദളവ**

തിരുവിതാംകൂറിൽ **സഞ്ചരിക്കുന്ന കോടതികൾ** സ്ഥാപിച്ചത് -വേലുത്തമ്പിദളവ

വേമ്പനാട്ട് കായലിലെ പാതിരാമണൽ എന്ന തുരുത്ത് വെട്ടിത്തെളിച്ച് കൃഷിക്ക് അനുയോജ്യമാക്കിയത് - **വേലുത്തമ്പി ദളവ**

Career Focus

**കുണ്ടറ വിളംബരം**

- ബ്രിട്ടീഷുകാർക്ക് അടയ്ക്കേണ്ട കപ്പം കൃത്യമായി കൊടുത്തു തീർക്കാൻ തിരുവിതാംകൂറിന് കഴിയാത്തതിനെ തുടർന്ന് തിരുവിതാംകൂർ ദളവയായ വേലുത്തമ്പിയെ നീക്കം ചെയ്യാൻ **റസിഡന്റ് മെക്കാളെ** ആവശ്യപ്പെട്ടു ഇതിൽ പ്രതിഷേധിച്ച് വേലുത്തമ്പി ബ്രിട്ടീഷുകാരെ തിരുവിതാംകൂറിൽനിന്നും തുരത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ജനങ്ങളുടെ മനോവീര്യം ഉണർത്താനായി കുണ്ടറയിൽ വച്ച് അദ്ദേഹം നടത്തിയ പ്രഖ്യാപനം കുണ്ടറവിളംബരം എന്ന് അറിയപ്പെട്ടു.
- കുണ്ടറവിളംബരം നടത്തിയ തിയതി - **ജനുവരി 11, 1809**
- സ്ഥലം - കുണ്ടറയിലെ **ഇളമ്പള്ളൂർക്ഷേത്രം**
- 1809 ൽ ബ്രിട്ടീഷ് സൈന്യത്തിന് കീഴ്പ്പെടാതിരിക്കാൻ വേണ്ടി വേലുത്തമ്പി ദളവ ആത്മഹത്യചെയ്തു
- വേലുത്തമ്പി ആത്മഹത്യ ചെയ്ത സ്ഥലം - **മണ്ണടിക്ഷേത്രം, പത്തനംതിട്ട**
- **വേലുത്തമ്പി സ്മാരകം** സ്ഥിതിചെയ്യുന്നത് - **മണ്ണടി**
- വേലുത്തമ്പി ദളവക്കുശേഷം തിരുവിതാംകൂർ ദിവാൻ ആയത് - **ഉമ്മിണി തമ്പി**
- ഉമ്മിണി തമ്പി പണികഴിപ്പിച്ച പട്ടണം - **ബാലരാമപുരം പട്ടണം**
- ഉമ്മിണി തമ്പി പണിയിപ്പിച്ച തുറമുഖം - **വിഴിഞ്ഞം തുറമുഖം**
- തിരുവിതാംകൂറിലെ **പോലീസ് സേനയ്ക്ക്** തുടക്കം കുറിച്ച ദിവാൻ - **ഉമ്മിണി തമ്പി**
- (അതുവരെ പോലീസ് സേന അറിയപ്പെട്ടിരുന്നത് - നായർപട)

**ആയില്യം തിരുനാൾ ഗൗരിലക്ഷ്മീഭായി (1810-15)**

- തിരുവിതാംകൂർ ഭരിച്ച ആദ്യ വനിത - **റാണി ഗൗരിലക്ഷ്മീഭായി**
- **അടിമക്കച്ചവടം** നിർത്തലാക്കിയത് - **റാണി ഗൗരിലക്ഷ്മീഭായി(1812)**
- സെക്രട്ടറിയേറ്റ് സമ്പ്രദായം നടപ്പിലാക്കിയത് - **റാണി ഗൗരിലക്ഷ്മീഭായി**
- ജന്മിമാർക്ക് പട്ടയം നൽകുന്നരീതി ആരംഭിച്ചത് - **റാണി ഗൗരിലക്ഷ്മിഭായി**
- ഗൗരിലക്ഷ്മിഭായിയുടെ ഭരണകാലത്ത് ദേവസ്വങ്ങൾ സർക്കാർ ഭരണത്തിൻ കീഴിലാക്കി
- റാണി ഗൗരിലക്ഷ്മീഭായിയുടെ കാലത്ത് തിരുവിതാംകൂറിലെ ബ്രിട്ടിഷ് റസിഡന്റ് ആയത്- **കേണൽ മൺറോ**
- ഉമ്മിണി തമ്പിക്ക് ശേഷം തിരുവിതാംകൂറിലെ ദിവാനായത് - **കേണൽ മൺറോ**
- തിരുവിതാംകൂറിലെ ആദ്യ യൂറോപ്യൻ ദിവാൻ - **കേണൽ മൺറോ**
- കേണൽ മൺറോ തയ്യാറാക്കിയ നിയമ സംഹിത - **ചട്ടവരിയോലകൾ**
- **തിരുവിതാംകൂറിലും കൊച്ചിയിലും** ദിവാനായിരുന്നത് - **കേണൽ മൺറോ**
- തിരുവിതാംകൂറിൽ **ഓഡിറ്റ് & അക്കൗണ്ട് സിസ്റ്റം** കൊണ്ടുവന്നത് - **കേണൽ മൺറോ**
- തിരുവിതാംകൂറിൽ **അലോപ്പതി ചികിത്സാ സമ്പ്രദായ**വും വാക്സിനേഷനും നടപ്പിലാക്കിയത് -**റാണി ഗൗരിലക്ഷ്മിഭായി.**
- ഏറ്റവും കുറച്ച്കാലം തിരുവിതാംകൂർ ഭരിച്ച ഭരണാധികാരി - **റാണി ഗൗരിലക്ഷ്മിഭായി**

**ഗൗരീ പാർവ്വതീഭായി (1815 - 1829)**

- തിരുവിതാംകൂറിൽ **റീജന്റ്** ആയി ഭരണം നടത്തിയ ആദ്യ ഭരണാധികാരി - **റാണി ഗൗരി പാർവ്വതി ഭായി**
- 1817ൽ റാണി പാർവ്വതീഭായിയുടെ കാലത്ത് വിദ്യാലയങ്ങൾ സർക്കാർ ഭരണത്തിൻ കീഴിലാക്കി
- **പ്രാഥമികവിദ്യാഭ്യാസം** നിർബന്ധമാക്കിയത് - **റാണി ഗൗരീ പാർവ്വതിഭായി**
- വിദ്യാഭ്യാസം സർക്കാറിന്റെ കടമയാണെന്ന് പ്രഖ്യാപിച്ച ഭരണാധികാരി - **റാണി ഗൗരി പാർവ്വതിഭായി**
- തിരുവിതാംകൂറിൽ കീഴ്ജാതിക്കാർക്കും സ്വർണം, വെള്ളി ആഭരണങ്ങൾ അണിയാനുള്ള അനുമതി നൽകിയത് - **റാണി ഗൗരീ പാർവ്വതിഭായി**

**സ്വാതി തിരുനാൾ രാമവർമ്മ (1829 -1846)**

- സ്വാതിതിരുനാളിന്റെ ഭരണകാലം **തിരുവിതാംകൂറിന്റെ സുവർണ്ണകാലഘട്ടം** എന്നാണറിയപ്പെടുന്നത്. ഗർഭസ്ഥനായിരിക്കുമ്പോൾ തന്നെ രാജ്യാവകാശി ആയതുകൊണ്ട് ജനങ്ങൾ അദ്ദേഹത്തെ ഗർഭ ശ്രീമാൻ എന്നു വിളിച്ചുവന്നു.
- **ദക്ഷിണ ഭോജൻ** എന്നറിയപ്പെട്ടത് - **സ്വാതിതിരുനാൾ**
- ആധുനിക തിരുവിതാംകൂറിന്റെ സുവർണകാലം - **സ്വാതിതിരുനാളിന്റെ ഭരണകാലം**
- **ഹജൂർ കച്ചേരി** കൊല്ലത്തുനിന്നും തിരുവനന്തപുരത്തേക്ക് മാറ്റിയത് -**സ്വാതിതിരുനാൾ**
- തിരുവനന്തപുരത്തെ **മൃഗശാല, നക്ഷത്രബംഗ്ലാവ്, കുതിരമാളിക** എന്നിവ പണിയിച്ചത് - **സ്വാതി തിരുനാൾ**
- തിരുവിതാംകൂറിൽ ജലസേചനവകുപ്പ് കൊണ്ടുവന്നത് -**സ്വാതിതിരുനാൾ**
- മുൻസിഫ് കോടതികൾ സ്ഥാപിച്ചത് - **സ്വാതിതിരുനാൾ**
- **1836**ൽ തിരുവിതാംകൂറിലെ **ആദ്യ സെൻസസ്** (ഇന്ത്യയിലെ തന്നെ) നടത്തിയത് - **സ്വാതിതിരുനാൾ**
- തിരുവിതാംകൂറിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് അടിത്തറപാകിയത് -**സ്വാതിതിരുനാൾ**
- തിരുവിതാംകൂറിലെ **ആദ്യ ഇംഗ്ലീഷ് സ്കൂൾ** സ്ഥാപിച്ചത് - **സ്വാതിതിരുനാൾ** (1834)
- തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി കോളേജ് ആയി മാറിയത് സ്വാതിതിരുനാൾ സ്ഥാപിച്ച ഇംഗ്ലീഷ് സ്കൂൾ ആയിരുന്നു.
- തിരുവിതാംകൂറിൽ എൻജിനീയറിംഗ് വകുപ്പ്, കൃഷി വകുപ്പ് എന്നിവ ആരംഭിച്ചത് - **സ്വാതിതിരുനാൾ**
- പൊതുമരാമത്ത് വകുപ്പ് സ്ഥാപിച്ചത് - **സ്വാതിതിരുനാൾ**

Career Focus

- **ശുചീന്ദ്രം കൈമുക്ക്** എന്ന സമ്പ്രദായം നിർത്തലാക്കിയത് - **സ്വാതിതിരുനാൾ**
- സ്വാതിതിരുനാളിന്റെ ഭരണകാലം ലളിതകലകളുടെയും സുവർണകാലമായിരുന്നു.
- സ്വാതിതിരുനാളിന്റെ സദസ്സിലെ ആസ്ഥാന വിദ്വാന്മാർ അറിയപ്പെട്ടത് - **തഞ്ചാവൂർ നാൽവർ**
- സ്വാതിതിരുനാളിന്റെ കാലത്ത് വളർച്ച പ്രാപിച്ച നൃത്തരൂപം - **മോഹിനിയാട്ടം**
- മോഹിനിയാട്ടത്തിൽ **വർണം, പദം, തില്ലാന** എന്നിവ കൊണ്ടു വന്നത് - **സ്വാതിതിരുനാൾ**
- **ഓമനത്തിങ്കൾ കിടാവോ** എന്ന താരാട്ടു പാട്ടിന്റെ കർത്താവായ **ഇരയിമ്മൻ തമ്പി** സ്വാതിതിരുനാളിന്റെ ആസ്ഥാന കവി ആയിരുന്നു
- സ്വാതിതിരുനാളിന്റെ സദസ്സിലെ പ്രമുഖരായ സംഗീതജ്ഞർ - **ഷഡ്കാല ഗോവിന്ദമാരാർ, മേരുസ്വാമി, വടിവേലു**
- സ്വാതിതിരുനാൾ രചിച്ച കൃതികൾ - **പത്മനാഭശതകം, ഭക്തമഞ്ജരി, ഉത്സവപ്രബന്ധം, സ്യാനന്ദൂപുരവർണപ്രബന്ധം**

**ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ (1846 - 1860)**

- കേരളത്തിലെ ആദ്യ പോസ്റ്റ് ഓഫീസ് സ്ഥാപിച്ചത് - **ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ** (1857 - ആലപ്പുഴയിൽ)
- **1859ൽ ചാന്നാർ സ്ത്രീകൾക്ക് മാറുമറച്ച്** വസ്ത്രം ധരിക്കാനുള്ള അവകാശം നൽകിയത് - **ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ**
- ഉത്രം തിരുനാളിന്റെ കാലത്ത് അമേരിക്കക്കാരനായ ജെയിംസ് ഡാറ ആലപ്പുഴയിൽ കയർ ഫാക്റ്ററി സ്ഥാപിച്ചു.

| **ചാന്നാർ ലഹള** |
|---|
| ചാന്നാർ സമുദായത്തിലെ സ്ത്രീകൾക്ക് മാറുമറയ്ക്കുന്ന വസ്ത്രം ധരിക്കാനുള്ള അവകാശത്തിനു വേണ്ടി തിരുവിതാംകൂറിൽ നടന്ന സമരം ചാന്നാർ കലാപം (1859) എന്നറിയപ്പെട്ടു. |
| മേൽമുണ്ട് സമരം എന്നറിയപ്പെടുന്ന സമരം - **ചാന്നാർ ലഹള** |

Career Focus

**ആയില്യം തിരുനാൾ രാമവർമ്മ (1860 -1880)**

- **1865ലെ പണ്ടാരപ്പാട്ട വിളംബരം** പുറപ്പടുവിച്ച തിരുവിതാംകൂർ രാജാവ് - **ആയില്യം തിരുനാൾ**
- 1866 ബ്രിട്ടീഷ് രാജ്ഞി ആയില്യം തിരുനാളിന് മഹാരാജപ്പട്ടം നൽകി
- 1867ൽ **ജൻമി - കുടിയാൻ** വിളംബരം നടത്തിയത് - **ആയില്യം തിരുനാൾ** (വസ്തുവിൽ കുടിയാനുള്ള അവകാശം ഉറപ്പിക്കുന്നതായിരുന്നു ജൻമി കുടിയാൻ വിളംബരം)
- തിരുവനന്തപുരത്ത് ആർട്സ് കോളേജ് സ്ഥാപിച്ചത് -**ആയില്യം തിരുനാൾ** (1866)
- കേരളത്തിലെ ആദ്യത്തെ ജനറൽ ആശുപത്രി, മാനസികരോഗ്യാശുപത്രി, പൂജപ്പുര സെൻട്രൻ ജയിൽ എന്നിവ ആരംഭിച്ചത് - **ആയില്യം തിരുനാൾ**
- തിരുവിതാംകൂറിലെ ആദ്യത്തെ ക്രമീകൃത സെൻസസ് (1875) (കാനേഷുമാരി) തയ്യാറാക്കിയത് - **ആയില്യം തിരുനാളിന്റെ കാലത്ത്**
- തിരുവനന്തപുരത്തെ **നേപ്പിയർ മ്യൂസിയം** സ്ഥാപിച്ചത് - **ആയില്യം തിരുനാൾ**
- ആയില്യം തിരുനാളിന്റെ കാലത്ത് തിരുവിതാംകൂറിന് മാതൃകാരാജ്യം (Model State) എന്ന പദവി ലഭിച്ചു.
- കേരളത്തിലെ ഏറ്റവും നീളം കൂടിയ റോഡായ എം.സി. റോഡ് ന്റെ നിർമ്മാണം നടത്തിയത് - **ആയില്യം തിരുനാൾ**
- 1869 ആഗസ്റ്റ് 23ന് സെക്രട്ടറിയേറ്റ് മന്ദിരം ഉദ്ഘാടനം ചെയ്തത് - **ആയില്യം തിരുനാൾ**
- ആയില്യം തിരുനാളിന്റെ പ്രശസ്ത ദിവാനായ ടി.മാധവ റാവു ആയിരുന്നു സെക്രട്ടറിയേറ്റിലെ ആദ്യ പ്രധാനമന്ത്രി
- ആയില്യം തിരുനാളിന്റെ സദസ്സിലെ പ്രമുഖർ - **എ. ആർ. രാജരാജവർമ്മ, രാജാരവിവർമ്മ, കേരളവർമ്മ വലിയ കോയിത്തമ്പുരാൻ**
- തിരുവിതാംകൂറിലും കൊച്ചിയിലും നിലവിലുണ്ടായിരുന്ന തപാൽ സംവിധാനം - **അഞ്ചൽ സമ്പ്രദായം**

**വിശാഖം തിരുനാൾ**

- 1881 ൽ തിരുവിതാംകൂറിൽ ഹൈക്കോടതി സ്ഥാപിച്ചു.

- കോട്ടയം നഗരം പണികഴിപ്പിച്ചു (1881)
- 1881 ൽ ആദ്യത്തെ പരുത്തി മിൽ സ്ഥാപിച്ചു
- 1883 ൽ തിരുവിതാംകൂറിലെ സമ്പൂർണ്ണ ഭൂസർവ്വേ നടത്തി
- തിരുവിതാംകൂറിൽ **മരച്ചീനി കൃഷിക്ക്** പ്രോത്സാഹനം നൽകിയ രാജാവ് - **വിശാഖം തിരുനാൾ**

**ശ്രീമൂലം തിരുനാൾ (1885 -1924)**

- ശ്രീമൂലം തിരുനാൾ കൃഷിയുടെയും വിദ്യാഭ്യാസത്തിന്റെയും പുരോഗതിക്ക് ഊന്നൽ നൽകിയിരുന്നു. അദ്ദേഹത്തിന്റെ മറ്റൊരു നേട്ടമാണ് ചികിത്സാവകുപ്പിന്റെ വികസനം.
- **പ്രാഥമികവിദ്യാഭ്യാസം സൗജന്യമാക്കിയ** തിരുവിതാംകൂർ ഭരണാധികാരി - **ശ്രീമൂലം തിരുനാൾ**
- പിന്നോക്കജാതിക്കാരുടെ കുട്ടികൾക്കും സർക്കാർ സ്കൂളിൽ പ്രവേശനം അനുവദിച്ച രാജാവ് - **ശ്രീമൂലം തിരുനാൾ**
- 1888ൽ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ രൂപീകരിച്ചത് - **ശ്രീമൂലം തിരുനാൾ**
- (1904ൽ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ ശീമൂലം പ്രജാസഭ ആയി)
- 1891-ൽ ആദ്യ മലയാളി മെമ്മോറിയൽ സമർപ്പിച്ചത് - **ശ്രീമൂലം തിരുനാളിന്**
- 896-ൽ ഈഴവ മെമ്മോറിയൽ സമർപ്പിച്ചത് - **ശ്രീമൂലം തിരുനാളിന്**
- പ്രകോപനപരമായ ലേഖനങ്ങൾ എഴുതിയതിന് സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തിയത് ശ്രീമൂലം തിരുനാളിന്റെ കാലത്തായിരുന്നു.
- **മുല്ലപ്പെരിയാർ ഡാം** ഉൽഘാടനം ചെയ്തത് - **ശ്രീമൂലം തിരുനാളിന്റെ കാലത്ത്** (1895ൽ)
- **1896 ൽ** തിരുവിതാംകൂറിൽ **ജന്മി-കുടിയാൻ റഗുലേഷൻ** പാസാക്കിയത് - **ശ്രീമൂലം തിരുനാൾ**
- സംസ്കൃത കോളേജ്, ആയുർവേദ കോളേജ്, പുരാവസ്തു വകുപ്പ് എന്നിവ സ്ഥാപിച്ചത് - **ശ്രീമൂലം തിരുനാൾ**
- ശ്രീമൂലം തിരുനാളിന്റെ കാലത്ത് തിരുവിതാംകൂർ സന്ദർശിച്ച ബ്രിട്ടീഷ് വൈസ്രോയി - **കഴ്സൺപ്രഭു**
- **1900 ൽ** രണ്ടാം ഈഴവ മെമ്മോറിയൽ സമർപ്പിക്കപ്പെട്ടത് **- കഴ്സൺപ്രഭുവിന്**
- ശ്രീമൂലം തിരുനാളിന്റെ ദിവാൻ - **പി. രാജഗോപാലാചാരി**

**മലയാളി മെമ്മോറിയൽ**

- **1891 ജനുവരി 1 ന് 10028 പേർ** ഒപ്പിട്ട് ശ്രീമൂലം തിരുനാളിന് സമർപ്പിച്ച നിവേദനമാണ് മലയാളി മെമ്മോറിയൽ
- തിരുവിതാംകൂറിൽ ഉദ്യോഗങ്ങളിൽ ഭൂരിഭാഗവും പരദേശിബ്രാഹ്മണർക്ക് നൽകുന്നതിനെതിരെയാണ് മലയാളിമെമ്മോറിയൽ തയ്യാറാക്കിയത്.
- "**തിരുവിതാംകൂർ തിരുവിതാംകൂറുകാർക്ക്**" എന്നതായിരുന്നു മലയാളി മെമ്മോറിയലിന്റെ മുദ്രാവാക്യം
- തിരുവിതാംകൂർ തിരുവിതാംകൂറുകാർക്ക് എന്ന ലഘു ലേഖ എഴുതിയ **ജി.പി.പിള്ള** ആയിരുന്നു മലയാളി മെമ്മോറിയലിനു നേതൃത്വം നൽകിയത്.
- ആധുനിക തിരുവിതാംകൂറിലെ രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്നത് **- ബാരിസ്റ്റർ ജി.പി. പിള്ള**
- മലയാളി മെമ്മോറിയലിൽ മൂന്നാമത്തെ ഒപ്പു വച്ചത് - **ഡോ. പല്പു**
- മലയാളി മെമ്മോറിയലിന്റെ പ്രവർത്തനങ്ങളെ പിന്തുണച്ച സാഹിത്യകാരൻ -**സിവി.രാമൻ പിള്ള**

**ജി.പി. പിള്ള**

- തിരുവിതാംകൂറിന്റെ വന്ദ്യവയോധികൻ - ബാരിസ്റ്റർ ജി.പി.പിള്ള
- കേരളത്തിന്റെ രാഷ്ട്രീയ ഗുരു - ബാരിസ്റ്റർ ജി.പി.പിള്ള
- മലയാളി മെമ്മോറിയൽ സമർപ്പിച്ചത് - **ബാരിസ്റ്റർ ജി.പി.പിള്ള**
- ഗാന്ധിജിയുടെ ആത്മകഥയിൽ സൂചിപ്പിച്ചിട്ടുള്ള ഒരേയൊരു മലയാളി - **ബാരിസ്റ്റർ ജി.പി.പിള്ള**

**ഈഴവ മെമ്മോറിയൽ (1896)**

- ഈഴവസമുദായം അനുഭവിച്ചിരുന്ന അവഗണനക്കെതിരെ ഡോ. പല്പുവിന്റെ നേതൃത്വത്തിൽ സമർപ്പിച്ച നിവേദനമാണ് ഈഴവമെമ്മോറിയൽ
- ഈഴവ മെമ്മോറിയലിൽ ഒപ്പിട്ട ആളുകളുടെ എണ്ണം - **13176**

Career Focus

- **1896 സെപ്റ്റംബർ 3ന്** ഈഴവമെമ്മോറിയൽ സമർപ്പിച്ചത് ശ്രീമൂലം തിരുനാളിനായിരുന്നു
- രണ്ടാം ഈഴവ മെമ്മോറിയൽ സമർപ്പിച്ചത് - **കഴ്സൺ പ്രഭുവിന്**
- രണ്ടാം ഈഴവമെമ്മോറിയൽ സമർപ്പിക്കപ്പെട്ടത് **-1900 ൽ**

**പൂരാടം തിരുനാൾ സേതുലക്ഷ്മിഭായി (1924 -1931)**

- റീജന്റായിട്ടാണ് സേതുലക്ഷ്മിഭായി ഭരണം നടത്തിയത്
- ദേവസ്വം ക്ഷേത്രങ്ങളിലെ **മൃഗബലി, ദേവദാസി സമ്പ്രദായം** എന്നിവ നിരോധിച്ചു.
- 1926ൽ തിരുവിതാംകൂർ **വർത്തമാനപത്രനിയമം** പാസാക്കി
- തിരുവിതാംകൂറിലെ മരുമക്കത്തായം നിർത്തലാക്കി മക്കത്തായം ഏർപ്പെടുത്തി **നായർ റഗുലേഷൻ** നടപ്പിലാക്കിയ ഭരണാധികാരി - **സേതുലക്ഷ്മിഭായി**

**ശ്രീചിത്തിരതിരുനാൾ ബാലരാമ വർമ്മ (1931 -49)**

- തിരുവിതാംകൂറിലെ അവസാനത്തെ രാജാവായിരുന്നു ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ അദ്ദേഹത്തിന്റെ ഭരണകാലത്തെ ഏറ്റവും മഹത്തായ ഭരണപരിഷ്ക്കാരമാണ് ക്ഷേത്ര പ്രവേശന വിളംബരം
- ശ്രീ ചിത്തിരതിരുനാളിന്റെ ദിവാൻ - **സി.പി. രാമസ്വാമി അയ്യർ**
- ക്ഷേത്ര പ്രവേശനവിളംബരം നടത്തിയത് - **1936 നവംബർ 12ന്**
- തിരുവിതാംകൂർ സർവ്വകലാശാലസ്ഥാപിച്ചത് - **1937ൽ**
- ഏഷ്യയിൽ ആദ്യമായി **വധശിക്ഷ നിർത്തലാക്കിയ** രാജാവ് - **ശ്രീചിത്തിരതിരുനാൾ**
- 1938ൽ **സ്റ്റേറ്റ് ട്രാൻസ്പോർട്ട് സർവീസ്** ആരംഭിച്ചത് - **ശ്രീചിത്തിരതിരുനാൾ**
- തിരുവിതാംകൂറിൽ **പബ്ലിക് സർവീസ് കമ്മീഷൻ സ്ഥാപിച്ചത്** - **ശ്രീചിത്തിരതിരുനാൾ** (1936)
- തിരുവിതാംകൂറിൽ **പ്രായപൂർത്തിവോട്ടവകാശം** നടപ്പിലാക്കിയത് - **ശ്രീചിത്തിരതിരുനാൾ**
- കേരളത്തിലെ ആദ്യ ജലവൈദ്യുത പദ്ധതി ആയ **പള്ളിവാസൽ** പ്രവർത്തനം തുടങ്ങിയത് -**ശ്രീചിത്തിരതിരുനാളിന്റെ ഭരണകാലത്ത്**
- പുനലൂർ പ്ലൈവുഡ് ഫാക്ടറി, എഅഇറ കുണ്ടറ കളിമൺ ഫാക്ടറി, ട്രാവൻകൂർ റബ്ബർ വർക്സ് എന്നി സ്ഥാപനങ്ങളുടെ പ്രവർത്തനം തുടങ്ങിയത് - **ശ്രീചിത്തിരതിരുനാളിന്റെ ഭരണകാലത്ത്.**
- സി.പി രാമസ്വാമി അയ്യർക്ക് ശേഷം തിരുവിതാംകൂർ ദിവാനായിരുന്നത് - **പി.ജി.എൻ. ഉണ്ണിത്താൻ**

Career Focus

**ആധുനികകാലത്തെ മഹാത്ഭുതം**

ക്ഷേത്രപ്രവേശനവിളംബരം പുറപ്പെടുവിച്ചത് - **1936 നവംബർ 12**

ഗാന്ധിജി ക്ഷേത്രപ്രവേശന വിളംബരത്തെ വിശേഷിപ്പിച്ചത് - **ആധുനികകാലത്തെ മഹാത്ഭുതം**

ആധുനിക തിരുവിതാംകൂറിന്റെ 'മാഗ്ന കാർട്ട' എന്നറിയപ്പെടുന്നത് - **ക്ഷേത്രപ്രവേശനവിളംബരം**

സി. രാജഗോപാലാചാരി ക്ഷേത്രപ്രവേശനവിളംബരത്തെ വിശേഷിപ്പിച്ചത് - **ആധുനികകാലത്തെ ഏറ്റവും അഹിംസാത്മകവും രക്തരഹിതവുമായ വിപ്ലവം**

- കേരളത്തിലെ ആദ്യത്തെ വന്യജീവിസങ്കേതമായ പെരിയാർ വന്യജീവിസങ്കേതം (തേക്കടി) രൂപീകരിച്ചത് - **ശ്രീചിത്തിരതിരുനാൾ രാമവർമ്മ** (തേക്കടി വന്യജീവിസങ്കേതത്തിന്റെ ആദ്യകാല നാമം നെല്ലിക്കാംപട്ടി വന്യജിവി സങ്കേതം)
- 1943ൽ തിരുവിതാംകൂറിൽ റേഡിയോ നിലയം സ്ഥാപിച്ചത് - **ശ്രീചിത്തിരതിരുനാൾ**
- 1938ൽ വിധവാ പുനർവിവാഹനിയമം നടപ്പിലാക്കിയത് - **ശ്രീചിത്തിരതിരുനാൾ**

**സി.പി. രാമസ്വാമി അയ്യർ**

- ശ്രീചിത്തിരതിരുനാളിന്റെ പ്രശസ്തനായ ദിവാൻ - **സി.പി. രാമസ്വാമി അയ്യർ**
- തിരുവിതാംകൂറിൽ '**അമേരിക്കൻ മോഡൽ ഭരണം**'നടപ്പിലാക്കിയത് -**സി.പി. രാമസ്വാമി അയ്യർ (1946ൽ)**
- സി.പി. രാമസ്വാമി അയ്യരെ വധിക്കാൻ ശ്രമിച്ചത് -**കെ.സി.എസ്. മണി**
- തിരുവിതാംകൂർ സർവ്വകലാശാലയുടെ **ആദ്യത്തെ വൈസ് ചാൻസലർ** -**സി.പി. രാമസ്വാമി അയ്യർ**
- 1947 ജൂൺ 11ന് സ്വതന്ത്ര തിരുവിതാംകൂർ പ്രഖ്യാപനം നടത്തിയത് - **സി.പി. രാമസ്വാമി അയ്യർ**
- 1946 ൽ നടന്ന പുന്നപ്രവയലാർ സമരം ഈ ഭരണ സംവിധാനത്തിനെതിരെ ആയിരുന്നു.'**അമേരി**

**ക്കൻ മോഡൽ അറബിക്കടലിൽ**' എന്നതായിരുന്നു ഈ സമരത്തിന്റെ മുദ്രാവാക്യം.

- 1938ൽ **തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സ്** രൂപീകൃതമായി
- **1949 ജൂലായ് 1ന്** തിരുവിതാംകൂറും കൊച്ചിയും ചേർന്ന് **തിരു-ക്കൊച്ചി** സംസ്ഥാനം നിലവിൽ വന്നു
- തിരുക്കൊച്ചിയിലെ '**രാജപ്രമുഖൻ**' എന്ന സ്ഥാനം വഹിച്ചത് - **ശ്രീചിത്തിര തിരുനാൾ**

**കേരളത്തിൽ ദേശീയ മുന്നേറ്റവുമായി ബന്ധപ്പെട്ടുണ്ടായ പ്രക്ഷോഭങ്ങൾ**

**ആറ്റിങ്ങൽ കലാപം (1721)**

- ബ്രിട്ടീഷ് സാമ്രാജ്യ ശക്തിക്കെതിരെ നാട്ടുകാർ നടത്തിയ **ആദ്യത്തെ സംഘടിത മുന്നേറ്റം - ആറ്റിങ്ങൽ കലാപം**
- ആറ്റിങ്ങൽ കലാപം നടന്ന സമയത്തെ വേണാട് രാജാവ് - **ആദിത്യവർമ്മ**
- അഞ്ചുതെങ്ങ് കോട്ടയുടെ അധിപനായ ഗൈഫോർഡ് ഉൾപ്പെടെ 141 ഇംഗ്ലീഷുകാരെ ആറ്റിങ്ങലിലെ ജനങ്ങൾ കൊലപ്പെടുത്തി.
- 1684ൽ ഇംഗ്ലീഷുകാർക്ക് തിരുവനന്തപുരത്ത് അഞ്ചുതെങ്ങിൽ പണ്ടകശാല തുറക്കാനുള്ള അനുവാദം നൽകിയത് - **ആറ്റിങ്ങൽ റാണി**

**പഴശ്ശി വിപ്ലവം**

- പഴശ്ശിരാജ മലബാറിലെ ബ്രിട്ടീഷുകാർക്കെതിരായി സംഘടിപ്പിച്ച പ്രക്ഷോഭം പഴശ്ശി വിപ്ലവം എന്നറിയപ്പെടുന്നു.
- 1793ൽ പഴശ്ശിരാജാവിന്റെ എതിർപ്പിനെ വകവെയ്ക്കാതെ അദ്ദേഹത്തിന്റെ അമ്മാവനായ കുറുമ്പ്രനാട്ടു രാജാവിന് ബ്രിട്ടീഷുകാർ കോട്ടയം പ്രദേശത്തെ പാട്ടം പിരിക്കാനുള്ള അവകാശം നൽകിയതാണ് പഴശ്ശിവിപ്ലവത്തിന് കാരണമായത്.
- പഴശ്ശിവിപ്ലവത്തിന് നേതൃത്വം നൽകിയത് - **കോട്ടയം കേരളവർമ്മ പഴശ്ശിരാജ**
- **കേരള സിംഹം** എന്നറിയപ്പെടുന്നതാര് - **കോട്ടയം കേരളവർമ്മ പഴശ്ശിരാജ**
- മലബാർ പ്രദേശമാണ് പഴശ്ശിരാജ തന്റെ പ്രവർത്തനമേഖലയായി തെരഞ്ഞെടുത്തത്
- പഴശ്ശി വിപ്ലവങ്ങളുടെ കേന്ദ്രമായിരുന്നത് - **പുരളിമല**
- '**പുരളിശെമ്മൻ**' എന്നറിയപ്പെട്ടത് - **പഴശ്ശിരാജ**
- പഴശ്ശി വിപ്ലവസമയത്ത് മലബാറിലെ സബ്കളക്റ്റർ - **തോമസ് ഹാർവ്വെ ബാബർ**
- ഒന്നാം പഴശ്ശിവിപ്ലവം നടന്ന കാലഘട്ടം - **1793 -97**
- രണ്ടാം പഴശ്ശിവിപ്ലവം നടന്ന കാലഘട്ടം - **1800 -1805**
- ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ പഴശ്ശി രാജാവിനെ സഹായിച്ച ആദിവാസി വിഭാഗം - **കുറിച്യർ**
- പഴശ്ശിരാജാവിനെ സഹായിച്ച കുറിച്യത്തലവൻ -**തലക്കൽ ചന്തു**
- പഴശ്ശിരാജാവിന്റെ സർവ്വ സൈന്യാധിപൻ - **കൈതേരി അമ്പു**
- പഴശ്ശിരാജ പ്രധാനമായും സ്വീകരിച്ചിരുന്ന യുദ്ധമുറ - **ഗറില്ലായുദ്ധം**
- പഴശ്ശി വിപ്ലവത്തെ അടിച്ചമർത്തിയ ബ്രിട്ടീഷ് സൈന്യാധിപൻ - **കേണൽ ആർതർ വെല്ലസ്ലി**
- സബ്കളക്ടർ തോമസ് ഹാർവ്വെയുമായുള്ള ഏറ്റുമുട്ടലിൽ **മാവിലത്തോടിൽ** വെച്ച് പഴശ്ശി മരണമടഞ്ഞു
- പഴശ്ശി മരണമടഞ്ഞത് - **1805 നവംബർ 30**
- ബ്രിട്ടീഷുകാർക്കെതിരെയുള്ള പോരാട്ടത്തിൽ പഴശ്ശിരാജ ഉപയോഗിച്ച യുദ്ധതന്ത്രം - **ഗറില്ലായുദ്ധം**

| | |
|---|---|
| പഴശ്ശി സ്മാരകം | - മാനന്തവാടി |
| പഴശ്ശി മ്യൂസിയം | - കോഴിക്കോട് |
| പഴശ്ശി ഡാം | - കണ്ണൂർ |

- പഴശ്ശിരാജയെ '**കേരളസിംഹം**' എന്നു വിശേഷിപ്പിച്ചത് - **സർദാർ കെ.എം. പണിക്കർ**
- 'ഹിസ്റ്ററി ഓഫ് കേരള' എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് - **സർദാർ കെ.എം. പണിക്കർ**

**കുറിച്യർ കലാപം (1812)**

- ബ്രിട്ടീഷുകാർ വയനാട്ടിൽ നടപ്പിലാക്കിയ നികുതി നയത്തിനെതിരെ കുറിച്യർ നടത്തിയ സമരം കുറി

Career Focus

ച്യർ കലാപം എന്നറിയപ്പെടുന്നു.

- കുറിച്യർ കലാപത്തിന് നേതൃത്വം നൽകിയത് - **രാമൻ നമ്പി**
- കുറിച്ച്യരുടെയും കുറുമ്പരുടെയും നേതൃത്വത്തിൽ ആദിവാസികൾ അമ്പും വില്ലും ഉപയോഗിച്ച് ബ്രിട്ടീഷുകാരെ നേരിടുകയും സുൽത്താൻബത്തേരി, മാനന്തവാടി എന്നിവിടങ്ങളിലെ സൈനികകേന്ദ്രങ്ങൾ ആക്രമിക്കുകയും ചെയ്തു.

**വില്ലുവണ്ടി സമരം (1893)**

- പൊതുനിരത്തുകളിലൂടെ അവർണ ജനവിഭാഗങ്ങൾക്ക് മറ്റുള്ളവരെപ്പോലെ സഞ്ചരിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിന് വേണ്ടി **അയ്യങ്കാളി** സവർണർ മാത്രം ഉപയോഗിച്ചിരുന്ന വില്ലുവണ്ടി വിലക്കുവാങ്ങി വെങ്ങാനൂരിലെ പൊതുനിരത്തിലൂടെ യാത്ര ചെയ്തു. സവർണർ യാത്രതടയുകയും അയ്യങ്കാളിയെ മർദ്ദിക്കുകയും ചെയ്തു.
- വില്ലുവണ്ടി സമരത്തിലൂടെ അവർണ ജനവിഭാഗങ്ങൾക്ക് പൊതുനിരത്തിലൂടെ സഞ്ചരിക്കാനുള്ള അവകാശം ലഭിച്ചു.
- വില്ലുവണ്ടി സമരം നടത്തിയ സ്ഥലം -**വേങ്ങാനൂർ**

**നെടുമങ്ങാട് ചന്തലഹള (1912)**

- അയിത്തജാതിക്കാർക്ക് നെടുമങ്ങാട് ചന്തയിൽ പ്രവേശിച്ച് സാധനങ്ങൾ വില്ക്കാനുള്ള അവകാശത്തിനുവേണ്ടി നെടുമങ്ങാട് ചന്തയിൽ വച്ച് നടത്തിയ മുന്നേറ്റം - **നെടുമങ്ങാട് ചന്ത ലഹള**
- ഈ സമരം ഒരു വിജയമായിരുന്നു.

**തൊണ്ണൂറാമാണ്ട് ലഹള (1914 –1915)**

- അധ:കൃതവിദ്യാർത്ഥികൾക്ക് സ്കൂൾപ്രവേശനം നിഷേധിക്കുന്നതിനെതിരെ **അയ്യങ്കാളി** നയിച്ച സമരം - തൊണ്ണൂറാമാണ്ട് ലഹള
- (കൊല്ലവർഷം 1090ൽ നടന്നതുകൊണ്ട് തൊണ്ണൂറാമാണ്ട് ലഹള എന്നറിപ്പെട്ടു)
- അയ്യങ്കാളി പുലയ വിദ്യാർത്ഥികളെ ചേർക്കാൻ ശ്രമം നടത്തിയ സ്കൂൾ - **ഊരൂട്ടമ്പലം സർക്കാർ സ്കൂൾ**

**കല്ലുമാല സമരം (1915)**

- അധകൃതസ്ത്രീകൾക്ക് കല്ല്, കുപ്പിച്ചില്ല് തുടങ്ങിയവ കൊണ്ടുള്ള കല്ലുമാല മാത്രമേ ധരിക്കാനുള്ള അവകാശം ഉണ്ടായിരുന്നുള്ളു.
- മറ്റു സ്ത്രീകളെപ്പോലെ ആഭരണം ധരിക്കാനുള്ള അവരുടെ അവകാശത്തിനുവേണ്ടി നടത്തിയ കല്ലുമാലസമരം നടന്നത് - **1915**
- കല്ലുമാല സമരത്തിനു നേതൃത്വം നൽകിയത്- **അയ്യങ്കാളി**
- കല്ലുമാല സമരം നടന്നത് - **പെരിനാട്** (കൊല്ലം)
- **പെരിനാട് ലഹള**യെന്നും കല്ലുമാല സമരം അറിയപ്പെടുന്നു.

**പൗരസമത്വവാദ പ്രക്ഷോഭം (1919)**

- അവർണഹിന്ദുക്കൾ, ക്രിസ്ത്യാനികൾ, മുസ്ലിങ്ങൾ തുടങ്ങിയവർക്ക് ലാന്റ് റവന്യൂവകുപ്പിൽ നിയമനങ്ങൾ നിഷേധിച്ചതിനെതിരെ തുല്യനീതിക്കായി നടത്തിയ പ്രക്ഷോഭം
- പൗരസമത്വവാദ പ്രക്ഷോഭത്തിന് നേതൃത്വം നൽകിയവർ - ടി.കെ. മാധവൻ, എൻ.വി. ജോസഫ്, എ.ജെ.ജോൺ

**മലബാർ ലഹള (1921)**

- മലബാർ ലഹളയ്ക്കുകാരണം- ഏറനാട് പ്രദേശത്തെ ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറി **വടക്കു വീട്ടിൽ മുഹമ്മദി**നെ അറസ്റ്റ് ചെയ്യാൻ ശ്രമിച്ചത്.
- മലബാർ ലഹളയ്ക്ക് നേതൃത്വം നൽകിയത് - **അലിമുസലിയാർ, വാരിയൻകുന്നത്ത് കുഞ്ഞു മുഹമ്മദ് ഹാജി, കോയതങ്ങൾ**
- **പൂക്കോട്ടൂർ ലഹള** എന്നറിയപ്പെടുന്ന കലാപം - **മലബാർ ലഹള**
- മലബാർ ലഹളയുടെ കേന്ദ്രം - **തിരൂരങ്ങാടി**
- മലബാർ കലാപവുമായി ബന്ധപ്പെട്ടുണ്ടായ തീവണ്ടി ദുരന്തം - **വാഗൺ ട്രാജഡി**

- വാഗൺ ട്രാജഡി നടന്നത് - **1921 നവംബർ 20**
- മലബാർ ലഹളയെ തുടർന്ന് അധികാരത്തിൽ വന്ന താല്ക്കാലിക ഗവൺമെന്റിന് നേതൃത്വം നൽകിയത് - **അലിമുസലിയാർ**
- **'ദി ബ്ലാക്ക് ഹോൾ ഓഫ് പോത്തന്നൂർ'** എന്ന് വാഗൺ ദുരന്തത്തെ വിശേഷിപ്പിച്ച ചരിത്രകാരൻ - **സുമിത്ത് സർക്കാർ**
- വാഗൺ ട്രാജഡി സ്മാരകം സ്ഥിതി ചെയ്യുന്നത് - **തിരൂർ**
- മാപ്പിളലഹളയുടെ അടിസ്ഥാനകാരണം ജന്മിത്ത സമ്പ്രദായവുമായി ബന്ധപ്പെട്ട് കർഷകർ അനുഭവിച്ചിരുന്ന പ്രശ്നങ്ങളാണ് എന്ന് കണ്ടെത്തിയത്, അന്നത്തെ മലബാർ കളക്ടറായിരുന്ന വില്യൻ ലോഗൻ ആണ്.
- **മലബാർ മാനുവൽ** എന്ന ഗ്രന്ഥം എഴുതിയത് - **വില്യം ലോഗൻ**
- 'മലബാർ കലാപം' എന്ന പുസ്തകം രചിച്ചത് - **കെ. മാധവൻ നായർ**

**വൈക്കം സത്യാഗ്രഹം (1924 - 25)**

- അയിത്തം എന്ന ദുരാചാരത്തിനെതിരെ നടന്ന ആദ്യത്തെ ഐതിഹാസികസമരം ആണ് വൈക്കം സത്യാഗ്രഹം
- വൈക്കം സത്യാഗ്രഹം ആരംഭിച്ച വർഷം - **1924 മാർച്ച് 30**
- വൈക്കം സത്യാഗ്രഹത്തിന്റെ ആരംഭം കുറിച്ച മൂന്നു ചെറുപ്പക്കാർ- **ഗോവിന്ദപ്പണിക്കർ, കുഞ്ഞാപ്പി, ബാഹുലേയൻ**
- വൈക്കം സത്യാഗ്രത്തിന്റെ നേതാക്കൾ - **മന്നത്ത് പത്മനാഭൻ, സി.വി.കുഞ്ഞിരാമൻ, ടി.കെ. മാധവൻ, കെ.പി.കേശവമേനോൻ**
- വൈക്കം സത്യാഗ്രഹത്തോട് അനുഭാവം പ്രകടിപ്പിക്കാൻ **സവർണജാഥ** നടത്തിയത് - **മന്നത്ത് പത്മനാഭൻ**
- വൈക്കം സത്യാഗ്രത്തിന്റെ കേന്ദ്രമായിരുന്നത് - **വൈക്കം മഹാദേവക്ഷേത്രം**
- വൈക്കം സത്യാഗ്രഹത്തോട് അനുഭാവം പ്രകടിപ്പിക്കാൻ പഞ്ചാബിൽ നിന്നെത്തിയ വിഭാഗം - **അകാലികൾ**
- വൈക്കം സത്യാഗ്രഹത്തിനു പിന്തുണ നൽകാൻ മധുരയിൽ നിന്നും വൈക്കത്തേക്ക് ജാഥനയിച്ച വ്യക്തി - **ഇ.വി. രാമസ്വാമിനായിക്കർ** (പെരിയോർ)
- വൈക്കം സത്യാഗ്രഹം ആരംഭിക്കുമ്പോൾ തിരുവിതാംകൂറിലെ ഭരണാധികാരി - **ശ്രീമൂലം തിരുനാൾ**
- വൈക്കം സത്യാഗ്രഹം അവസാനിക്കുന്ന കാലത്തെ തിരുവിതാംകൂർ ഭരണാധികാരി - **സേതുലക്ഷ്മി ഭായി**
- **വൈക്കം ഹീറോ** എന്നറിയപ്പെടുന്നത് - **ഇ.വി. രാമസ്വാമി നായ്ക്കർ**
- ഇ.വി. രാമസ്വാമിനായ്ക്കർ സ്മാരകം സ്ഥിതിചെയ്യുന്ന സ്ഥലം - **വൈക്കം**
- വൈക്കം സമരം അവസാനിച്ചത് - **1925 നവംബർ 23** (മഹാത്മാഗാന്ധിയുടെ ഇടപെടൽ മൂലം 603-ാം ദിവസം)
- ശ്രീനാരായണഗുരു അനുഭാവം പ്രകടിപ്പിച്ച ദേശീയ മുന്നേറ്റവുമായി ബന്ധപ്പെട്ട ഏകസംഭവം - **വൈക്കം സത്യാഗ്രഹം**

**ഉപ്പ് സത്യാഗ്രഹം (1930)**

- കേരളത്തിൽ ഉപ്പ് സത്യാഗ്രഹത്തിന് വേദിയായ സ്ഥലം - **പയ്യന്നൂർ** (രണ്ടാം ബർദോളി എന്നറിയപ്പെടുന്നു)
- കേരളത്തിൽ ഉപ്പ് സത്യാഗ്രഹത്തിന് നേതൃത്വം നൽകിയത് - **കെ. കേളപ്പൻ**
- 'വരിക വരിക സഹജരെ' എന്നു തുടങ്ങുന്ന ഗാനം രചിച്ചത് - **അംശി നാരായണ പിള്ള**
- ഉപ്പ് സത്യാഗ്രഹത്തെ തുടർന്ന് നിരാഹാരം അനുഷ്ഠിച്ച് മരണപ്പെട്ട സത്യാഗ്രഹി - **എ.സി കുഞ്ഞിരാമൻ അടിക്കോടി**

**ഗുരുവായൂർ സത്യാഗ്രഹം (1931-32)**

- എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രത്തിൽ പ്രവേശിക്കാൻ അവകാശത്തിനുള്ള വേണ്ടി നടന്ന സത്യാഗ്രഹം - **ഗുരുവായൂർ സത്യാഗ്രഹം**

Career Focus

- ഗുരുവായൂർ സത്യാഗ്രഹം ആരംഭിച്ചത് - **1931 നവംബർ 1**
- ഗുരുവായൂർ സത്യാഗ്രഹത്തിന്റെ നേതാവ് - **കെ. കേളപ്പൻ**
- സത്യാഗ്രഹകമ്മിറ്റി സെക്രട്ടറി - **കെ. കേളപ്പൻ**
- സത്യാഗ്രഹകമ്മിറ്റി പ്രസിഡന്റ് - **മന്നത്ത് പത്മനാഭൻ**
- ഗുരുവായൂർ സത്യാഗ്രഹത്തിന്റെ വോളണ്ടിയർ ക്യാപ്റ്റൻ - **എ.കെ. ഗോപാലൻ**
- കെ. കേളപ്പൻ ക്ഷേത്രനടയിൽ നിരാഹാര സത്യാഗ്രഹം ആരംഭിച്ചത് - **1932 സെപ്റ്റംബർ 21ന്**
- കെ. കേളപ്പൻ തന്റെ നിരാഹാര സത്യാഗ്രഹം അവസാനിപ്പിച്ചത് - **1932 ഒക്ടോബർ 2ന്**
- **'നമുക്ക് അമ്പലങ്ങൾക്ക് തീ കൊളുത്താം'** എന്ന് ഗുരുവായൂർ സത്യാഗ്രഹത്തോട് അനുബന്ധിച്ച് ഉദ്ഘോഷിച്ച വ്യക്തി - **വി. ടി. ഭട്ടതിരിപ്പാട്**
- ഗുരുവായൂർ ക്ഷേത്രം മണിമുഴക്കിയ ആദ്യത്തെ ബ്രാഹ്മണനല്ലാത്ത വ്യക്തി - **പി. കൃഷ്ണപിള്ള**
- മലബാറിലെ ക്ഷേത്രങ്ങളിൽ പ്രവേശനം അനുവദിച്ച മദിരാശി ക്ഷേത്രപ്രവേശനനിയമം നിലവിൽ വന്നത് - **1947**

**നിവർത്തന പ്രക്ഷോഭം (1932)**

- തിരുവിതാംകൂറിലെ ഭരണഘടനാപരിഷ്ക്കാരങ്ങളോടുള്ള പ്രതിഷേധവുമായി ആരംഭിച്ച പ്രക്ഷോഭ മാണ് നിവർത്തന പ്രക്ഷോഭം.
- കേരളത്തിൽ പി.എസ്.സി. യുടെ രൂപീകരണത്തിന് വഴിയൊരുക്കിയ പ്രക്ഷോഭം - **നിവർത്തന പ്രക്ഷോഭം**
- നിവർത്തന പ്രക്ഷോഭത്തിന്റെ മുഖപത്രം ആയി അറിയപ്പെട്ടത് - **കേരളകേസരി**
- നിവർത്തന പ്രക്ഷോഭം എന്ന പേര് നിർദ്ദേശിച്ചത് - **ഐ.സി ചാക്കോ**
- കേരളത്തിൽ സാമുദായികസംവരണം നിലവിൽ വന്നതിന് കാരണമായ പ്രക്ഷോഭം - **നിവർത്തന പ്രക്ഷോഭം**
- നിവർത്തന പ്രക്ഷോഭത്തിന്റെ മുഖ്യനേതാക്കൾ - **സി. കേശവൻ, ടി.എം. വർഗ്ഗീസ്, എൻ.വി. ജോസഫ്**
- നിവർത്തനപ്രക്ഷോഭവുമായി ബന്ധപ്പെട്ട് **കോഴഞ്ചേരി പ്രസംഗം** നടത്തിയത് - **സി. കേശവൻ (1935)**
- സി. കേശവന്റെ ആത്മകഥ - **ജീവിതസമരം**

Career Focus

**വിദ്യുച്ഛക്തി പ്രക്ഷോഭം (1936)**

- തൃശ്ശൂരിലെ വിദ്യുച്ഛക്തി വിതരണം സ്വകാര്യവത്കരിച്ച **ദിവാൻ ഷൺമുഖം** ചെട്ടിക്കെതിരെ നടന്ന പ്രക്ഷോഭമാണ് വിദ്യുച്ഛക്തി പ്രക്ഷോഭം
- കൊച്ചിയിൽ ദിവാൻ പദവി വഹിച്ചശേഷം ഇന്ത്യൻ ധനകാര്യമന്ത്രിയായ വ്യക്തി - **ദിവാൻ ഷൺമുഖം ചെട്ടി**
- വിദ്യുച്ഛക്തി സമരത്തിന് നേതൃത്വം നൽകിയവർ - **ഡോ. എ.ആർ മേനോൻ, ഇക്കണ്ടവാര്യർ, വി.ആർ. ഇയ്യുണ്ണി**

**കല്ലറ പാങ്ങോട് സമരം (1938)**

- സി.പി രാമസ്വാമി അയ്യരുടെ ഭരണത്തിനെതിരെയും, ഉദ്യോഗസ്ഥവൃന്ദവും ജന്മിമാരുടെ ഗുണ്ടകളും ചേർന്ന് കല്ലറ ചന്തയിൽ നടത്തിവന്ന അന്യായമായ ചന്തപ്പിരിവിനെതിരെയും നടത്തിയ ജനകീയ പ്രക്ഷോഭമായിരുന്നു കല്ലറ പാങ്ങോട് സമരം.
- നിരവധി ആളുകൾ ഗുണ്ടകളുടെയും പോലീസുകാരുടെയും ആക്രമണത്തിൽ കൊല്ലപ്പെട്ടു.
- കല്ലറ പാങ്ങോട് സമരം നടന്നത് - **തിരുവനന്തപുരം ജില്ലയിൽ**
- ഈ സമരത്തിന് നേതൃത്വം നൽകിയവർ - **പട്ടാളം കൃഷ്ണൻ, കൊച്ചാപ്പി പിള്ള** (ഇവരെ രണ്ട് പേരെയും തൂക്കികൊല്ലുകയായിരുന്നു.)

**ഉത്തരവാദ പ്രക്ഷോഭം (1938)**

- തിരുവിതാംകൂറിലെ ജനങ്ങൾക്ക് ഉത്തരവാദപ്പെട്ട ഭരണം ലഭിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ സമരം ആരംഭിച്ചത്
- ഉത്തരവാദ പ്രക്ഷോഭം നയിച്ച സംഘടന - **തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്**
- തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപംകൊണ്ട വർഷം - **1938**

- തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ആദ്യ അധ്യക്ഷൻ - **പട്ടംതാണു പിള്ള**
- ഉത്തരവാദ പ്രക്ഷോഭത്തിന്റെ പ്രധാന നേതാക്കൾ - പട്ടംതാണു പിള്ള, സി കേശവൻ, ടി.എം വർഗ്ഗീസ്, അക്കാമ്മ ചെറിയാൻ
- ഉത്തരവാദ പ്രക്ഷോഭം നയിച്ച വനിതാ നേതാവ് - **അക്കാമ ചെറിയാൻ**
- **തിരുവിതാംകൂറിന്റെ ജാൻസി റാണി**, **കേരളത്തിന്റെ ജോവാൻ ഓഫ് ആർക്ക്** എന്നിങ്ങനെ വിശേഷിപ്പിക്കപ്പെടുന്ന വനിത - **അക്കാമ്മ ചെറിയാൻ**
- ഉത്തരവാദ ഭരണം നേടിയെടുക്കുന്നതിനായി കൊച്ചിയിൽ രൂപംകൊണ്ട സംഘടന - **കൊച്ചി രാജ്യ പ്രജാ മണ്ഡലം** (1941)
- ഉത്തരവാദ ഭരണം നേടിയെടുക്കാനായി രാജധാനി മാർച്ച് നടത്തിയത് - **അക്കാമ്മ ചെറിയാൻ**
- തമ്പാനൂരിൽ നിന്നും കവടിയാർ കൊട്ടരത്തിലേക്കാണ് അക്കാമ്മ ചെറിയാൻ രാജധാനി മാർച്ച് നടത്തിയത്.

**കയ്യൂർ സമരം (1941)**

- ജന്മിമാരുടെ കർഷകവിരുദ്ധ നയങ്ങളും രണ്ടാം ലോകമഹായുദ്ധ കാലത്തെ വിലവർദ്ധനവുമാണ് കയ്യൂർ സമരത്തിന് വഴിവെച്ചത്.
- കയ്യൂർ സമരം നടന്നത് - **കാസർകോട് ഹോസ്ദുർഗ് താലൂക്കിൽ**
- **മഠത്തിൽ അപ്പു, ചിരുകണ്ടൻ, അബൂബക്കർ, കുഞ്ഞമ്പു നായർ** എന്നീ കർഷക സംഘാംഗങ്ങൾ തൂക്കിലേറ്റപ്പെട്ടത് ഏത് സമരവുമായി ബന്ധപ്പെട്ടാണ് - കയ്യൂർ സമരം
- കയ്യൂർ സമരത്തെ അവലംബിച്ച് കന്നഡ എഴുത്തുകാരനായ നിരഞ്ജന രചിച്ച നോവൽ - **ചിരസ്മരണ**
- കയ്യൂർ സമരവുമായി ബന്ധപ്പെട്ട് ലെനിൽ രാജേന്ദ്രൻ സംവിധാനം ചെയ്ത സിനിമ - **മീനമാസത്തിലെ സൂര്യൻ**

**പുന്നപ്ര വയലാർ സമരം (1946)**

- തിരുവിതാംകൂർ ഭരണത്തിൽ അമേരിക്കൻ മോഡൽ ഭരണമേർപ്പെടുത്താനുള്ള ദിവാൻ **സർ. സി.പി. രാമസ്വാമി അയ്യരുടെ** തീരുമാനത്തിനെതിരെയും സ്വതന്ത്ര തിരുവിതാംകൂർ വാദത്തിനെതിരെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നടന്ന അതിശക്തമായ ജനപ്രക്ഷോഭമാണ് പുന്നപ്ര വയലാർ സമരം
- പുന്നപ്ര വയലാർ സമരത്തിന്റെ മുദ്രാവാക്യം - **അമേരിക്കൻ മോഡൽ അറബിക്കടലിൽ**
- പുന്നപ്ര വയലാർ സമരം നടന്നത് - **ആലപ്പുഴ ജില്ലയിൽ**
- പുന്നപ്ര വയലാർ സമരത്തിന് നേതൃത്വം നൽകിയത് - **ടി.വി. തോമസ്, കെ. ശങ്കരനാരായണൻ തമ്പി, സുഗതൻ, പത്രോസ്**

**കേരള ചരിത്രത്തിലെ നാഴികക്കല്ലുകളായ വർഷങ്ങൾ**

B.C.232 - കേരളത്തിൽ ബുദ്ധമതത്തിന്റെ ആരംഭം
A.D. 45 - ഗ്രീക്ക് നാവികൻ ഹിപ്പാലസ് കേരളം സന്ദർശിച്ചു
A.D. 52 - സെന്റ് തോമസ് കേരളത്തിൽ എത്തിയ വർഷം
A.D.68 - ജൂതന്മാർ കേരളത്തിൽ എത്തിയ വർഷം
A.D 644 - അറബി സഞ്ചാരിയായ മാലിക് ബിൻ ദിനാർ കേരളം സന്ദർശിച്ച വർഷം
A.D.788 - കാലടിയിൽ ശങ്കരാചാര്യരുടെ ജനനം
A.D.820 - ശങ്കരാചാരുടെ സമാധി
A.D.825 - കൊല്ലവർഷാരംഭം
A.D.829 - ആദ്യത്തെ മാമാങ്കം നടന്ന വർഷം
A.D.851 - അറബി വ്യാപാരി സുലൈമാൻ കേരളം സന്ദർശിച്ച വർഷം
A.D.1000 - ജൂതശാസനം
1341 - പെരിയാറിലെ വെള്ളപ്പൊക്കം
1498 - വാസ്കോഡഗാമ കേരളത്തിലെത്തിയ വർഷം
1502 - വാസകോഡഗാമയുടെ രണ്ടാം കേരള സന്ദർശനം
1503 - മാനുവൽ കോട്ടയുടെ നിർമ്മാണം
1599 - ഉദയംപൂർ സുന്നഹദോസ്

Career Focus

1600 - കുഞ്ഞാലി നാലാമനെ പോർച്ചുഗീസുകാർ ഗോവയിൽ വെച്ചു വധിച്ചു
1653 - കൂനൻകുരിശ് പ്രതിജ്ഞ
1695 - അഞ്ചുതെങ്ങ് കോട്ട നിർമ്മിച്ചു
1678 - മലയാള ലിപി ആദ്യമായി അച്ചടിച്ച ഹോർത്തൂസ് മലബാറിക്കസ് എന്ന കൃതിയുടെ പ്രസിദ്ധീകരണം (1678-1703)
1721 - ആറ്റിങ്ങൽ കലാപം
1729 - മാർത്താണ്ഡവർമ്മയുടെ സ്ഥാനാരോഹണം
1741 - കുളച്ചൽ യുദ്ധം (മാർത്താണ്ഡവർമ്മയും ഡച്ചുകാരും തമ്മിൽ)
1750 - തൃപ്പടിദാനം
1753 - മാർത്താണ്ഡവർമ്മയും പോർച്ചുഗീസുകാരും തമ്മിൽ മാവേലിക്കര ഉടമ്പടി ഒപ്പുവെച്ചു.
1755 - ഒടുവിലത്തെ മാമാങ്കം
1772 - ആദ്യമലയാള പുസ്തകമായ സംക്ഷേപവേദാർത്ഥം റോമിൽ നിന്നും പ്രസിദ്ധീകരിച്ചു.
1789 - ടിപ്പു സുൽത്താൻ നെടുങ്കോട്ട ആക്രമിച്ചു.
1792 - ടിപ്പു സുൽത്താനും ബ്രിട്ടീഷുകാരും ശ്രീരംഗപട്ടണം ഉടമ്പടി ഒപ്പുവെച്ചു. (ഇതിലൂടെ മലബാർ ബ്രിട്ടീഷുകാരുടെ അധീനതയിലായി)
1793-97 - ഒന്നാം പഴശ്ശി വിപ്ലവം
1800-1805 - രണ്ടാം പഴശ്ശി വിപ്ലവം
1805 - പഴശ്ശി രാജ അന്തരിച്ചു.
1809 - വേലുത്തമ്പിദളവയുടെ കുണ്ടറ വിളംബരം (ജനുവരി 11)
- വേലുത്തമ്പിദളവയുടെ ആത്മഹത്യ
1812 - കുറിച്യർ ലഹള
1847 - ആദ്യത്തെ മലയാള പത്രമായ രാജ്യസമാചാരം പ്രസിദ്ധീകരിച്ചു
1856 - ശ്രീനാരായണഗുരുവിന്റെ ജനനം
1857 - കേരളത്തിലെ ആദ്യത്തെ തപാൽ ഓഫീസ് ആലപ്പുഴയിൽ സ്ഥാപിച്ചു.
1859 - ചാന്നാർ ലഹള
- കേരളത്തിലെ ആദ്യ കയർ ഫാക്ടറി (ഡറാസ് മെയിൽ) ആലപ്പുഴയിൽ സ്ഥാപിതമായി
1861 - കേരളത്തിലെ ആദ്യ റെയിൽപാത (ബേപ്പൂർ - തിരൂർ)
1865 - പണ്ടാരപ്പാട്ട വിളംബരം
1869 - തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റ് മന്ദിരം ഉദ്ഘാടനം ചെയ്യപ്പെട്ടു
1887 - നസ്രാണി ദീപിക (ദീപിക) പത്രം ആരംഭിച്ചു.
1888 - ശ്രീനാരായണ ഗുരുവിന്റെ അരുവിപ്പുറം പ്രതിഷ്ഠ
- തിരുവിതാംകൂറിൽ ലെജിസ്ലേറ്റീവ് കൗൺസിൽ നിലവിൽ വന്നു
1896 - ഈഴവ മെമ്മോറിയൽ
1900 - ബ്രിട്ടീഷ് വൈസ്രോയി ആയിരുന്ന കഴ്സൺ പ്രഭു തിരുവിതാംകൂർ സന്ദർശിച്ചു.
- രണ്ടാം ഈഴവ മെമ്മോറിയൽ
1903 - എസ്.എൻ.ഡി.പി സ്ഥാപിച്ചു
1904 - ശ്രീമൂലം പ്രജാസഭ
1905 - സ്വദേശാഭിമാനി പത്രം അഞ്ചുതെങ്ങിൽ നിന്നും പ്രസിദ്ധീകരണം ആരംഭിച്ചു.
1908 - യോഗക്ഷേമ സഭ സ്ഥാപിതമായി
1910 - സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തി
1912 - ശ്രീനാരായണഗുരുവിന്റെ ശാരദാ പ്രതിഷ്ഠ (വർക്കല)
1914 - എൻ.എസ്.എസ് രൂപീകൃതമായി
1917 - കെ. അയ്യപ്പൻ സഹോദര സംഘം സ്ഥാപിച്ചു
1920 - ഗാന്ധിജിയുടെ ആദ്യ കേരള സന്ദർശനം
1921 - മലബാർ ലഹള, വാഗൺ ദുരന്തം
- ആദ്യ കേരള സംസ്ഥാന കോൺഗ്രസ്സ് സമ്മേളനം ഒറ്റപ്പാലത്ത് നടന്നു ( അദ്ധ്യക്ഷൻ - ടി പ്രകാശം)

Career Focus

1924 - വൈക്കം സത്യാഗ്രഹം
1925 - ഗാന്ധിജിയുടെ രണ്ടാം കേരള സന്ദർശനം.
- ഗാന്ധിജി ശ്രീനാരായണഗുരുവിനെ സന്ദർശിച്ചു
1927 - ഗാന്ധിജിയുടെ മൂന്നാം കേരള സന്ദർശനം.
1930 - പയ്യന്നൂരിൽ കെ. കേളപ്പന്റെ നേതൃത്വത്തിൽ ഉപ്പുസത്യാഗ്രഹം നടന്നു.
- കേരള കലാമണ്ഡലം സ്ഥാപിച്ചു.
1931 - ഗുരുവായൂർ സത്യാഗ്രഹം
- വി.റ്റി. ഭട്ടതിരിപ്പാടിന്റെ നേതൃത്വത്തിൽ യാചനയാത്ര
1932 - നിവർത്തന പ്രക്ഷോഭം
1934 - ഗാന്ധിജിയുടെ നാലാം കേരള സന്ദർശനം
1936 - ക്ഷേത്രപ്രവേശന വിളംബരം
1937 - ഗാന്ധിജിയുടെ അഞ്ചാമത്തെയും ഒടുവിലത്തെയും കേരള സന്ദർശനം
- തിരുവിതാംകൂർ സർവ്വകലാശാല സ്ഥാപിക്കപ്പെട്ടു.
1938 - തിരുവിതാംകൂർ പബ്ലിക്ക് ട്രാൻസ്പോർട്ട് കോർപ്പറേഷൻ രൂപീകരിച്ചു
- തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് സ്ഥാപിതമായി
1939 - കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകൃതമായി
- അക്കമ്മ ചെറിയാന്റെ നേതൃത്വത്തിൽ രാജധാനി മാർച്ച്
- തിരുവിതാംകൂറിൽ ഉത്തരവാദഭരണ പ്രക്ഷോഭം
1941 - കയ്യൂർ സമരം
1943 - തിരുവനന്തപുരത്ത് റേഡിയോ നിലയം സ്ഥാപിതമായി
1946 - തിരുവിതാംകൂർ ദിവാനായ സി.പി. രാമസ്വാമി അയ്യരുടെ അമേരിക്കൻ മോഡൽ ഭരണപരിഷ്ക്കാരം
1947 - തിരുവിതാംകൂറിൽ പട്ടം താണുപിള്ള പ്രധാനമന്ത്രിയായി അധികാരമേറ്റു.
1949 - തിരുകൊച്ചി സംയോജനം ജൂലൈ 1
1956 - കേരള സംസ്ഥാനം രൂപീകൃതമായി
- കേരള ഹൈക്കോടതി നിലവിൽവന്നു
1957 - കേരളത്തിൽ ആദ്യ തിരഞ്ഞെടുപ്പ്
- തിരുവിതാംകൂർ സർവ്വകലാശാല കേരള സർവ്വകലാശാല ആയി മാറി
- കെ.എസ്.ഇ.ബി. സ്ഥാപിതമായി
1959 - വിമോചന സമരം
- ഇ.എം.എസ് മന്ത്രിസഭ പിരിച്ചുവിടപ്പെട്ട് അടിയന്തിരാവസ്ഥാപ്രഖ്യാപനം
1960 - പട്ടം താണുപിള്ള കേരളത്തിലെ രണ്ടാമത്തെ മുഖ്യമന്ത്രിയായി അധികാരമേറ്റു
1961 - കേരള പോസ്റ്റൽ സർക്കിൾ നിലവിൽ വന്നു
1962 - കേരളത്തിൽ ആർ.ശങ്കർ മുഖ്യമന്ത്രിയായി അധികാരമേറ്റു
1963 - ആദ്യ റോക്കറ്റ് തുമ്പയിൽ നിന്നും വിക്ഷേപിച്ചു
1965 - കേരള നിയമസഭയിലേക്ക് പൊതു തിരഞ്ഞെടുപ്പ് നടന്നെങ്കിലും ഒരു കക്ഷിക്കും മന്ത്രിസഭ രൂപവത്കരിക്കാൻ കഴിയാതിരുന്നതിനെ തുടർന്ന് നിയമസഭ പിരിച്ചുവിട്ടു.

Career Focus